# പാരീഷ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി

ഒക്ടോബർ 2021



# Chavara Matrimony.com



## WE'VE MOVED

to our New Space in

## CHANGANACHERRY



**New Location**

Pulickal Building,
Opp. Arch Bishop's House,
Palace Road, Aramanapady

99957 77568

Chavara Family Welfare Centre
H.O Chavara Cultural Centre, Kochi

26 Branches in Kerala,
Bangalore, Coimbatore, Mumbai & Delhi

Cultural Centre

പാരീഷ് ബുള്ളറ്റിൻ

# ഇടയൻ

താളുകൾ മറിയുമ്പോൾ


ഒക്ടോബർ 2021
ലക്കം 3
വാല്യം 7



*മാനേജിംഗ് എഡിറ്റർ:*
**വെരി. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ**
9447359521

*ചീഫ് എഡിറ്റർ:*
**റവ. ഫാ. തോമസ് മാളിയേക്കൽ**
9447804646

*എക്സി. എഡിറ്റേഴ്സ്:*
**റവ. ഫാ. മാത്യു മറ്റം**
9847660057
**റവ. ഫാ. അലൻ വെട്ടുകുഴിയിൽ**
7012116384
**റവ. ഫാ. ജോസഫ് ഇളംതുരുത്തിയിൽ**
8943135034

*കൈക്കാരന്മാർ:*
**ജോർജ്ജുകുട്ടി വാരണത്ത്**
**ജോണി കണ്ടങ്കരി**
**വിന്നിച്ചൻ കല്ലൂക്കളം**

*കമ്മറ്റിയംഗങ്ങൾ:*
**ഡോ. ജെ.ജി. റേ**
**ഡോ. സോണി കണ്ടങ്കരി**
**ജോസ് കാട്ടടി**
**ജോണി കണ്ടങ്കരി**
**റ്റോജോ പടനിലം**

*പാരിഷ് കൗൺസിൽ സെക്രട്ടറി:*
**കൊച്ചുറാണി പനച്ചിക്കൽ**



Layout & Printing:-
St. Joseph Orphanage Press
Changanacherry
Ph: 0481 2410101
E-mail: sjopresschry@gmail.com











നലംതികഞ്ഞ പിതാവ് മാർ കാവുകാട്ട് 05

08 ദൈവദാസൻ മാർ മാത്യു കാവുകാട്ട് - ചില ചിതറിയ ചിന്തകൾ

കാവുകാട്ട് പിതാവ് ഓർമ്മയിൽ നിന്ന്... 16

18 കാവുകാട്ടു പിതാവ് എന്റെ ഓർമ്മയിൽ

മറക്കാനാവാത്ത മധുരസ്മരണകൾ 21

23 സമാരാധ്യനായ കാവുകാട്ടു തിരുമേനി

അപൂർവ്വരിൽ അപൂർവ്വൻ 26

സ്ഥിരം പംക്തികൾ ▸ മുഖമൊഴി - 01 • വികാരിയച്ചന്റെ കത്ത് - 02
ഇടയനിൽ ഒരിടം - 29 • ഇടവക വാർത്തകൾ 30

# ആശംസകൾ



ഒക്ടോബർ 16 ന്
നവതിയിലേക്ക് പ്രവേശിക്കുന്ന
ബഹു. മാത്യു മറ്റത്തിൽ അച്ചന്
ഇടവക സമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ ...



ചങ്ങനാശേരി CMC ഹോളിക്വീൻസ്
പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ
റവ. ഡോ. സി. ആനി പ്രസന്നയ്ക്ക്
ഇടവക സമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ ...



## വ്യാകുലമാതാവിന്റെ തിരുനാൾ: സെപ്റ്റംബർ 26



## സ്വർഗ്ഗാരോപണതിരുനാൾ: ആഗസ്റ്റ് 15













അങ്ങാടി കുരിശുപള്ളിയിലെ
മിഖായേൽ മാലാഖയുടെ തിരുനാൾ: സെപ്റ്റംബർ 26



പിതൃവേദി അംഗങ്ങളുടെ മക്കളുടെ മെറിറ്റ് ഡേ: സെപ്റ്റംബർ 26

**സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി**

**യൂത്ത്ഇയർ മെമ്മോറിയൽ, പാരിഷ് ലൈബ്രറി: സെപ്റ്റംബർ 4**



**വിമുക്തഭടന്മാർക്ക് ആദരം: ആഗസ്റ്റ് 15**


FOR FAVOURS RECEIVED
ROSEMARY K ABRAHAM
KURISUMMOOTTIL
CHANGANACHERRY


VM
ശവപ്പെട്ടി നിർമ്മാണം
Market Road
Changanacherry
Ph: 9074374049
7558918534
Prop. Vinod Mattam



*In Loving Memory of*



## JOSEPH THOMAS
(THOMACHAN)
**Died: 29.05.2016**



## JOHNSON JACOB
**Died: 19.06.2015**



## JAMES THOMAS
(JAMESKUTTY)
**Died: 11.08.2021**

**PARAKADAVIL**
**VAZHAPPALLY, CHANGANACHERRY**

# സ്നേഹസ്മരണയ്ക്ക്

## അമ്പതാം ചരമവാർഷികം (04.09.2021)





"ഞാനാകുന്നു പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)



**കെ.പി.നൈനാൻ**
കണ്ടങ്കരി, ചങ്ങനാശേരി

നിങ്ങളുടെ പ്രാർത്ഥനകളിൽ
എന്നെക്കൂടി ഓർക്കേണമേ.

---

# സ്നേഹസ്മരണയ്ക്ക്



"ഞാനാകുന്നു പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11:25)




നിങ്ങളുടെ പ്രാർത്ഥനകളിൽ
എന്നെക്കൂടി ഓർക്കേണമേ.



**ലീലാമ്മ ജോസ്**
പുന്നശ്ശേരി

ജനനം: 12.10.1951 മരണം: 05.09.2021

# സ്നേഹസ്മരണയ്ക്ക്



## കെ.പി. അന്തോനിച്ചൻ

**കരിങ്ങട**

**ചങ്ങനാശ്ശേരി**

# പാവനസ്മരണയ്ക്ക്



## അമ്മിണി ജോസഫ് (74)

**കളീയ്ക്കൽ, അങ്ങാടി**

മരണം: 03.10.2020



# സ്നേഹസ്മരണയ്ക്ക്

**53–ാം ചരമവാർഷികം**
**24.11.2021**

**25–ാം ചരമവാർഷികം**
**16.11.2021**



## തൊമ്മൻ ജോസഫ്
**(ഔതക്കുട്ടി)**

**മരണം:**
**1968 നവംബർ 24**

## റോസമ്മ ജോസഫ്
**(ഒറോമ്മ)**

**മരണം:**
**1996 നവംബർ 16**

**കോയിപ്പള്ളി**
**വാഴപ്പള്ളി, ചങ്ങനാശ്ശേരി**

**നിങ്ങളുടെ പ്രാർത്ഥനകളിൽ ഞങ്ങളെക്കൂടി ഓർക്കേണമേ.**

# സ്നേഹസ്മരണയ്ക്ക്



## റ്റി. സി. കുഞ്ഞുമോൻ

### തയ്യിൽ

ജനനം: 07.09.1961 മരണം: 03.10.2020

*In Loving Memory of*




# N.J. JOSEPH


NEDIYAKALAPARAMBIL

NORTH OF BISHOP HOUSE
CHANGANACHERRY

1938 - 2021



# In Loving Memory of





## JOSEPH CHERIAN
**(BABYCHEN)**

**Born : 26.8.1935**
**Died : 01.10.2021**

## ANSAMMA CHERIAN
**(16th Death Anniversary)**

**Born: 23.7.1944**
**Died : 23.9.2005**



"I AM THE
RESURRECTION AND THE LIFE.
THE ONE WHO BELIEVES IN ME
WILL LIVE, EVEN THOUGH
THEY DIE"

JOHN 11:25



**KALLUKALAM**
**VAZHAPPALLY, CHANGANACHERRY**



# മുഖമൊഴി


“ആരോഗ്യകരവും ഊർജ്ജസ്വലവുമായ കുടുംബജീവിതമില്ലാത്ത ജനതയും രാഷ്ട്രവും നശിച്ചുപോകും.” കാലങ്ങൾക്കുമുമ്പുള്ള കാവുകാട്ടു പിതാവിന്റെ വാക്കുകൾ ഇന്നും പ്രസക്തമാണ്. കുടുംബത്തിലെ ഏറ്റവും വലിയ ശക്തിയും സമ്പത്തും ആ കുടുംബത്തിലെ മക്കൾ തന്നെയാണ്. അവരെ കുടുംബത്തിൽ നിന്ന് അടർത്തിമാറ്റി അതിന്റെ അടിത്തറ ഇളക്കി നശിപ്പിക്കുവാൻ ക്ഷുദ്രശക്തികൾ കച്ചകെട്ടിയിരിക്കുന്നു. ഇക്കാലങ്ങളിൽ അവർ അതിന് ഉപയോഗിക്കുന്നത് ഇലക്ട്രോണിക് മാധ്യമങ്ങളും മദ്യവും മയക്കുമരുന്നുകളുമാണ്. നമ്മുടെ കുടുംബങ്ങളിലെ ഇളംതലമുറകൾ മുതൽ ഈ സംഹാരശക്തിയുടെ ഇരകളായി മാറിക്കൊണ്ടിരിക്കുന്നു. ഇതുവഴി സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഭദ്രതയും കെട്ടുറപ്പും തകർച്ചയുടെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. ഇവിടെയാണ് അഭിവന്ദ്യ കാവുകാട്ടുപിതാവിന്റെ ചിന്തകളും മുന്നറിയിപ്പുകളും നമുക്കു വഴികാട്ടിയായിത്തീരുന്നത്. അഭിവന്ദ്യ കാവുകാട്ടു പിതാവ് തെളിയിച്ച വിശുദ്ധിയുടെ പാതയിൽ അടിയുറച്ചുകൊണ്ട് നമ്മുടെ കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും വിശുദ്ധിയോടെ കാത്തുസൂക്ഷിക്കുവാൻ നമുക്കു പരിശ്രമിക്കാം. അഭിവന്ദ്യ പിതാവിന്റെ 52-ാം ചരമവാർഷികം ആചരിക്കുന്ന ഈ സന്ദർഭത്തിൽ പിതാവിന്റെ മാദ്ധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം.



സ്നേഹപൂർവ്വം,

**ചീഫ് എഡിറ്റർ**





# വികാരിയച്ചന്റെ സന്ദേശം

## "എവിടെയാണ് നമ്മുടെ കുഞ്ഞുങ്ങൾ?"

**ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ**

**പ**രിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ കുടുംബത്തിലെ സ്നേഹത്തെക്കുറിച്ച് പുറപ്പെടുവിച്ച ശ്ലൈഹിക ലേഖനമായ 'സ്നേഹത്തിന്റെ ആനന്ദ'ത്തിലെ ഏഴാം അധ്യായത്തിലെ തലക്കെട്ട് ആണ് മേലുദ്ധരിച്ചത്. ഈ രേഖയിൽ നമ്പർ 260 ൽ ഇപ്രകാരം പറയുന്നു: കുഞ്ഞുങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുടെ അടുത്താണ് അവർ ചെലവിടുന്നത് എന്നിവയെല്ലാം അവശ്യമായും പരിഗണിക്കണമെന്നാണ് ഇത് അർത്ഥമാക്കുന്നത്. ലാളിത്യത്തെക്കുറിച്ച് സംസാരിച്ചും അവർക്ക് സമയം ചെലവിടാൻ ഉള്ള ആരോഗ്യകരമായ വഴികൾ കണ്ടെത്തിയും നമ്മുടെ കുഞ്ഞുങ്ങൾക്ക് വേണ്ടി നാം സമയം നീക്കിവെച്ചെങ്കിൽ മാത്രമേ ദ്രോഹത്തിൽനിന്ന് അവരെ സംരക്ഷിക്കാൻ കഴിയൂ. ജാഗ്രത എപ്പോഴും ആവശ്യമാണ്; ഉപേക്ഷ ഒരിക്കലും ഗുണകരമല്ല. അക്രമണവും ദുരുപയോഗവും ലഹരിയാസക്തിയും പോലെയുള്ള അപകടസാധ്യതകൾ മറികടക്കുന്നതിന് കുട്ടികളെയും കൗമാരക്കാരെയും സജ്ജമാക്കുന്നതിന് മാതാപിതാക്കൾ സഹായമേകണം (No. 261)."



പാലാ മെത്രാൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അടുത്തകാലത്ത് നൽകിയ മുന്നറിയിപ്പുകൾ ഇന്ന് പരക്കെ ചർച്ചാവിഷയമായിരിക്കുകയാണല്ലോ. ക്രിസ്തീയകുടുംബങ്ങളുടെ ആത്മീയ സുരക്ഷിതത്വത്തെക്കുറിച്ചുള്ള പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ ഔൽത്സുക്യത്തിന്റെ പ്രതിഫലനമാണ് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന്റെ ആഹ്വാനത്തിലുമുള്ളത്. വാസ്തവത്തിൽ മക്കളെ സ്നേഹിക്കുന്ന ജാതിമതഭേദമന്യേ ഉള്ള എല്ലാ മാതാപിതാക്കന്മാരും കണക്കിലെടുക്കേണ്ട ഒരു മുന്നറിയിപ്പാണിത്. കാരണം, അത്യന്തം വിഷമകരമായ സാഹചര്യത്തിലൂടെ ആണ് നമ്മുടെ കുഞ്ഞുങ്ങൾ നടന്നുനീങ്ങുന്നത്. അവരെ നന്മയിലും സുരക്ഷിതത്വത്തിനും നടത്തുവാനുള്ള ഉത്തരവാദിത്വം മാതാപിതാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും എല്ലാം ഉണ്ട്. പരിശുദ്ധ പിതാവ് ആവർത്തിക്കുന്ന ഒരു വാക്യമാണ് 'സമയം സ്ഥലത്തേക്ക് മഹനീയമാണ്' എന്നത്. എന്താണ് ഇത് അർത്ഥമാക്കുന്നതെന്ന് *സ്നേഹത്തിന്റെ ആനന്ദം* എന്ന രേഖ വ്യക്തമാക്കുന്നുണ്ട്. അതായത്, ''സ്ഥലങ്ങളുടെമേൽ മേധാവിത്വം പുലർത്തുന്നതിനേക്കാൾ പ്രധാനം ആണ് പ്രക്രിയകൾ ആരംഭിക്കുന്നത്. തങ്ങളുടെ കുഞ്ഞുങ്ങൾ എവിടെയാണെന്ന് എപ്പോഴും അറിഞ്ഞിരിക്കുന്നതിലും അവരുടെ എല്ലാ ചലനങ്ങളും നിയന്ത്രിക്കുന്നതിലും മാതാപിതാക്കൾ സദാ ശ്രമിച്ചുകൊണ്ടിരുന്നാൽ സ്ഥലത്തിന്റെ മേൽ അധീശം പുലർത്താനേ അവർ ശ്രദ്ധ പുലർത്തുന്നുള്ളൂ. വെല്ലുവിളികളെ നേരിടുന്നതിന് തങ്ങളുടെ കുഞ്ഞുങ്ങളെ ശക്തിപ്പെടുത്താനും ഒരുക്കാനുള്ള വിദ്യാഭ്യാസരീതിയല്ലിത്.'' പരിശുദ്ധ പിതാവ് ഇപ്രകാരം തുടരുന്നു:

''സ്വാതന്ത്ര്യത്തിലും പക്വതയിലും മൊത്തത്തിലുള്ള അച്ചടക്കത്തിലും സ്വയം തീരുമാനങ്ങൾ എടുക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന രീതിയിലും വളരുന്നതിന് സ്നേഹപൂർവ്വം അവരെ സഹായിക്കുന്നതിനുമുള്ള കഴിവാണ് ഏറ്റവും പ്രധാനം. ഈ വിധത്തിൽ മാത്രമേ കുഞ്ഞുങ്ങൾ കാര്യപ്രാപ്തി നേടുകയും വിഷമതകൾ നേരിടുമ്പോൾ എല്ലാം ബുദ്ധിപൂർവമായ കരുതലോടെയും പെരുമാറുവാൻ പ്രാപ്തരാവുകയുമുള്ളൂ. അതുകൊണ്ട്, നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് എവിടെ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല; മറിച്ച്, അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്; തങ്ങളുടെ ബോധ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നിൽക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം'' (No 261).

Prevention is better than cure - രോഗപ്രതിരോധമാണ് ചികിത്സയെക്കാൾ പ്രധാനം എന്ന് പ്രശസ്ത ചിന്തകനായ ഇറാസ്മസ് (+1536)

അതുകൊണ്ട് കെണികളിലും ചതിക്കുഴികളിലും ചെന്നു പതിക്കാതിരിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ മാനസികമായും ധാർമികമായും ആത്മീയമായും ഒരുക്കേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം കുടുംബങ്ങളിലെ കത്തോലിക്കാ അന്തരീക്ഷം നിലനിർത്തുക എന്നതുതന്നെയാണ്. കുടുംബങ്ങളിലെ പ്രാർത്ഥനാജീവിതവും നല്ല സ്നേഹബന്ധങ്ങളും അയൽ ബന്ധങ്ങളും ഊട്ടിയുറപ്പിച്ച് സ്വഭാവഗുണമുള്ള ഒരു തലമുറയെ വാർത്തെടുക്കുക നമ്മുടെ കടമയാണ്.

പറയുന്നുണ്ടല്ലോ. അതുകൊണ്ട് കെണികളിലും ചതിക്കുഴികളിലും ചെന്നു പതിക്കാതിരിക്കാൻ നമ്മുടെ കുഞ്ഞുങ്ങളെ മാനസികമായും ധാർമികമായും ആത്മീയമായും ഒരുക്കേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം കുടുംബങ്ങളിലെ കത്തോലിക്കാ അന്തരീക്ഷം നിലനിർത്തുക എന്നതുതന്നെയാണ്. കുടുംബങ്ങളിലെ പ്രാർത്ഥനാജീവിതവും നല്ല സ്നേഹബന്ധങ്ങളും അയൽ ബന്ധങ്ങളും ഊട്ടിയുറപ്പിച്ച് സ്വഭാവഗുണമുള്ള ഒരു തലമുറയെ വാർത്തെടുക്കുക നമ്മുടെ കടമയാണ്. സ്നാപക യോഹന്നാന്റെ ബാല്യത്തെക്കുറിച്ച് പറയുന്നത്, ''പൈതൽ വളർന്നു ആത്മാവിൽ ശക്തിപ്പെട്ടു'' എന്നാണ് (ലൂക്കാ 1:80). ഈശോയുടെ ബാല്യത്തെക്കുറിച്ച് പറയുന്നതാകട്ടെ, ''ശിശു വളരുകയും വിജ്ഞാനപൂരിതനായി ശക്തിപ്രാപിക്കുകയും ചെയ്തു; ദൈവത്തിന്റെ പ്രസാദവും അവനിൽ ഉണ്ടായിരുന്നു'' (ലൂക്കാ 2:40) എന്നാണ്. മക്കൾ ആത്മീയമായി വളരുന്നുണ്ടോ അതിനാവശ്യമായ കാര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ടോ എന്ന് മാതാപിതാക്കന്മാർ ചിന്തിക്കേണ്ടതാണ്. ദൈവവചന വായനയും കൂദാശകളുടെ സ്വീകരണവുംവഴി നന്മയിലും വിശുദ്ധിയിലും വളർന്നുവരുവാൻ അവരെ സഹായിക്കണം. പരിശുദ്ധ കുർബാനയെ കുറിച്ച് സഭാപിതാവായ അന്ത്യോഖ്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് പറയുന്നു, Eucharist is an antidote to death - ഇത് മരണത്തിന് ഒരു മറുമരുന്നാണ് എന്ന്. എന്ന് ചുറ്റും സംഹാരതാണ്ഡവമാടുന്ന മരണസംസ്കാരത്തിന്റെ മറുമരുന്ന് വിശുദ്ധ കൂദാശാജീവിതമാണ്; പ്രത്യേകിച്ച്, പരിശുദ്ധ കുർബാനയാണ്. ലഹരിയുടെയോ ജഡികതയുടെയോ ദുരാസക്തികളിൽ ഒരിക്കലും തിരിച്ചുവരാനാകാതെ അകപ്പെട്ടുപോകാതിരിക്കാൻ നാം ജാഗ്രത പുലർത്തിയേ തീരൂ. തിന്മയുടെ ശക്തികൾ ചുറ്റിലുമുണ്ട്; എന്നാൽ നാം അതിനു വാതിൽ തുറന്നുകൊടുക്കരുത്. വിശുദ്ധ പത്രോസ് ശ്ലീഹായുടെ വാക്കുകൾ ഇവിടെ നമുക്ക് മാർഗ്ഗദീപമായിരിക്കട്ടെ: ''സമചിത്തതയും ഉണർവ്വും ഉള്ളവരായിരിക്കുവിൻ. നിങ്ങളുടെ പ്രതിയോഗിയായ പിശാച് ആരെ വിഴുങ്ങണം എന്ന് അന്വേഷിച്ച് അലറുന്ന സിംഹത്തെപ്പോലെ ചുറ്റി നടക്കുന്നു!'' (1 പത്രോ 5:8).



# നലംതികഞ്ഞ പിതാവ് മാർ കാവുകാട്ട്

**ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ**

പരിശുദ്ധിയുടെ പരിമളത്താൽ നമ്മെ പൂരിതരാക്കിയ വലിയ ഒരു പുണ്യാത്മാവിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ കൃതജ്ഞതയോടെ നാമിന്ന് ഒത്തുചേർന്നിരിക്കുന്നു. കോവിഡും അനുബന്ധദുരിതങ്ങളും ജീവിതത്തെ ദുസ്സഹമാക്കുന്ന ഈ കാലഘട്ടത്തിൽ പാവങ്ങളുടെ പിതാവ് എന്നറിയപ്പെടുന്ന അഭിവന്ദ്യ കാവുകാട്ട് പിതാവിന്റെ മാധ്യസ്ഥ്യം നമുക്ക് തുണയും കരുത്തുമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വിശുദ്ധജീവിതങ്ങളെ സഭ എക്കാലവും ഉയർത്തിക്കാട്ടുന്നത് സഭാമക്കൾക്കുള്ള വലിയ മാതൃകകൾ എന്ന നിലയ്ക്കാണ്. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും വിശുദ്ധി അഭംഗുരം കാത്തുസൂക്ഷിച്ച പുണ്യാത്മാവ് എന്ന നിലയിലാണ് അഭിവന്ദ്യ കാവുകാട്ട് പിതാവിന്റെ മാതൃക നമ്മെ പ്രചോദിപ്പിക്കുന്നതും വെല്ലുവിളിക്കുന്നതും. ഉത്സാഹിയായ വിദ്യാർത്ഥി, ധിഷണാശാലിയായ അധ്യാപകൻ, തീക്ഷ്ണതയും പ്രാഗത്ഭ്യവും ഒത്തിണങ്ങിയ പുരോഹിതൻ, ക്രാന്തദർശിയായ പുരോഹിതശ്രേഷ്ഠൻ - ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും താനായിരുന്ന ഇടങ്ങളിലെല്ലാം വിളങ്ങിനിന്ന പ്രതിഭയായിരുന്നു അഭി. കാവുകാട്ട് പിതാവ്. പക്ഷേ, നാമദ്ദേഹത്തെ ഓർക്കുന്നതും ആദരിക്കുന്നതും നേടിയ വിജയങ്ങളുടെയോ വഹിച്ച പദവികളുടെയോ ഔന്നത്യത്താൽ മാത്രമല്ല; മറിച്ച്, ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ച എളിമയുടേയും വിശുദ്ധിയുടെയും പേരിലാണ്.

**ഉത്സാഹിയായ വിദ്യാർത്ഥി, ധിഷണാശാലിയായ അധ്യാപകൻ, തീക്ഷ്ണതയും പ്രാഗത്ഭ്യവും ഒത്തിണങ്ങിയ പുരോഹിതൻ, ക്രാന്തദർശിയായ പുരോഹിതശ്രേഷ്ഠൻ - ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും താനായിരുന്ന ഇടങ്ങളിലെല്ലാം വിളങ്ങിനിന്ന പ്രതിഭയായിരുന്നു അഭി. കാവുകാട്ട് പിതാവ്.**

അധികാരത്തിന്റെ ഗർവുകളും നിയമത്തിന്റെ കർക്കശ്യങ്ങളും കൈയൊഴിയാൻ, അറിവിന്റെ അഹന്തകളേയും ആത്മീയതയുടെ കാപട്യങ്ങളെയും വിട്ടൊഴിയാൻ, സ്വന്തം ജീവിതം കൊണ്ടാണ് പിതാവ് നമ്മെ പഠിപ്പിച്ചത്. ഔതികവിജയങ്ങൾക്കായി നെട്ടോട്ടമോടുന്നവരോട് ഈ പുണ്യാത്മാവ് തന്റെ ജീവിതംകൊണ്ട് വിളിച്ചു പറയുകയാണ് വിശുദ്ധിയുടെ-വിശ്വസ്തയുടെ - എളിമയുടെ കാരുണ്യത്തിന്റെ - മാർഗമാണ് കൂടുതൽ അഭികാമ്യമെന്ന്.

മിശിഹായെ അനുകരിക്കലാണ് ക്രിസ്ത്യാനിയുടെ ജീവിതമെങ്കിൽ ഇതിൽ സുവിശേഷത്തിലെ ഈശോയുടെ മാനുഷിക ദൈവികഭാവങ്ങളെ ജീവിതംകൊണ്ട് അടുത്തനുകരിച്ച ഒരു അജപാലകശ്രേഷ്ഠന്റെ സ്മരണകളുടെ ദീപ്തിയിലാണ് നാമിപ്പോൾ. ആത്മീയതയുടെ ഉന്നതങ്ങളിൽ മാനുഷികതയുടെ ഭാവങ്ങൾ മറന്നു പോകാതിരുന്ന വിശുദ്ധ ജീവിതത്തിന് ഉടമയാണ് വന്ദ്യ പിതാവ്. കണ്ടുമുട്ടിയ സകലരിലേക്കും മിശിഹായുടെ കരുണ നിറഞ്ഞ സ്നേഹം പ്രസരിപ്പിക്കാൻ അദ്ദേഹത്തിനായി. പരിശുദ്ധ കുർബാനയോടുള്ള അതിരറ്റ ഭക്തിയും പരി. മറിയത്തോടുള്ള അതിരറ്റ വണക്കവും പിതാവിനെ പാവപ്പെട്ടവരിലേക്ക് കരുണയുടെ - സ്നേഹത്തിന്റെ - എളിമയുടെ ശുശ്രൂഷകനാകാൻ വേണ്ട കരുത്ത് നൽകി.

പദവിയുടെ പകിട്ടിൽ പാവങ്ങളെ തഴയാതെ നിരന്തരം സഹജരുടെ ക്ഷേമമാരാഞ്ഞ വന്ദ്യപിതാവിനെ ജനം ആദരവോടെ വിളിച്ചു, ''പാവങ്ങളുടെ പിതാവ്'' എന്ന്. സഹായത്തിനായി നിങ്ങൾക്കു നേരെ നീട്ടുന്ന അഗതികളുടെ കരങ്ങൾക്കു പിന്നിൽ മിശിഹായുടെ കരങ്ങളെ നിങ്ങൾ ദർശിക്കണമെന്ന് തന്റെ പ്രഥമ ഇടയലേഖനത്തിൽത്തന്നെ ആഹ്വാനം ചെയ്തു അഭിവന്ദ്യ പിതാവ്. അപ്രകാരം രോഗികൾക്കും ആലംബഹീനർക്കും ജീവകാരുണ്യ സഹായങ്ങളേകി. അർഹിക്കുന്നവരിലേക്ക് അദ്ദേഹം ഇറങ്ങിച്ചെന്നു. അത് ആയിരങ്ങളുടെ ഹൃദയങ്ങളിലേക്കുള്ള ഇറങ്ങിച്ചെല്ലൽ ആയിരുന്നു. Caritate Servire 'സ്നേഹചൈതന്യത്തിൽ സേവനം' എന്ന തന്റെ ആപ്തവാക്യത്തോടു നീതിപുലർത്തിയ ആ ജീവിതം അഗതികൾക്കും അശരണർക്കും തണലേകി പടർന്നു നിന്നു. കൊട്ടിഘോഷങ്ങളില്ലാതെ നടത്തപ്പെട്ട





**വിശുദ്ധി നിറഞ്ഞ ആത്മീയനേതൃത്വം പോലെ ക്രാന്തദർശിത്വത്തോടെ ഭൗതികരംഗങ്ങളിലും വന്ദ്യപിതാവ് തന്റെ ജനതയെ പുരോഗതിയിലേക്കു നയിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യരജതജൂബിലി സ്മാരകമായി ആരംഭിച്ച ഭവനനിർമ്മാണപദ്ധതി പിൽകാലത്ത് ഗവൺമെന്റുപോലും അനുകരിക്കുകയുണ്ടായി**

അദ്ദേഹത്തിന്റെ ഈടേറിയ നിശബ്ദസേവനം പരസ്നേഹപ്രവൃത്തികളിൽ നമുക്ക് മാതൃകയാണ്. ദൈവത്തിന്റെ പിതൃത്വത്തിലും മനുഷ്യരുടെ സാഹോദര്യത്തിലും വിശ്വസിക്കുന്നവർക്ക് ഒരു കർത്തവ്യമുണ്ട്; ഉള്ളവൻ ഇല്ലാത്തവനുകൂടി കൊടുക്കണം. ഇത് തന്റെ ജീവിതത്തിലൂടെയും എഴുത്തിലൂടെയും പിതാവ് നിരന്തരം ഓർമ്മിപ്പിച്ചു.

വിശുദ്ധി നിറഞ്ഞ ആത്മീയനേതൃത്വംപോലെ ക്രാന്തദർശിത്വത്തോടെ ഭൗതികരംഗങ്ങളിലും വന്ദ്യപിതാവ് തന്റെ ജനതയെ പുരോഗതിയിലേക്കു നയിച്ചു. അദ്ദേഹത്തിന്റെ പൌരോഹിത്യരജതജൂബിലി സ്മാരകമായി ആരംഭിച്ച ഭവനനിർമ്മാണപദ്ധതി പിൽകാലത്ത് ഗവൺമെന്റുപോലും അനുകരിക്കുകയുണ്ടായി. വിദ്യാഭ്യാസ പ്രക്ഷോഭണ കാലത്ത് കൈക്കൊണ്ട നിലപാടുകളും വടവാതൂർ സെമിനാരി സ്ഥാപനത്തിൽ നടത്തിയ നിർണായകമായ ഇടപെടലുകളുമൊക്കെ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെ തെളിയിക്കുന്നു.

നിരന്തരമായ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ജീവിതത്തിൽ മാത്രമാണ് ദൈവസ്നേഹം കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കുന്നത് എന്ന് പഠിപ്പിച്ച അഭിവന്ദ്യ പിതാവ് തന്റെ ജീവിതത്തിൽ തികച്ചും പ്രാർത്ഥനയുടെയും ധ്യാനാത്മകതയുടെയും മനുഷ്യനായിരുന്നു. ദൈവസ്നേഹത്തിൽ തന്റെ അജഗണത്തെ വളർത്താൻ നിതാന്തശ്രദ്ധ പുലർത്തിയ പിതാവിന്റെ വലിയ ദർശനമാണ് മതബോധനത്തിന് രൂപതാ തലത്തിലുള്ള കേന്ദ്രം എന്ന നിലയിൽ സന്ദേശനിലയത്തിന് രൂപംകൊടുത്തത്. പാണ്ഡിത്യത്തെ വിനയം കൊണ്ടുപൊതിഞ്ഞ കാവുകാട്ടു പിതാവ് സുകൃതങ്ങളുടെ ഒരു വിളനിലമായിരുന്നു. കാലത്തിന്റെ ഗതിവിഗതികൾക്കനുസൃതം സഭയെ നയിക്കാൻ പരിശ്രമിച്ച അഭിവന്ദ്യ പിതാവിന്റെ ഈ ഓർമ്മദിനത്തിൽ വിശുദ്ധിയിലേക്കുള്ള നമ്മുടെ വിളിയെ തിരിച്ചറിയാൻ നമുക്ക് പരിശ്രമിക്കാം. വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥ്യം തേടുന്നതോടൊപ്പം അദ്ദേഹത്തിന്റെ നാമകരണനടപടികൾ വേഗത്തിൽ പൂർത്തിയാകുന്നതിനായും നമുക്ക് പ്രാർത്ഥിക്കാം. കാവുകാട്ടു പിതാവിന്റെ മാതൃക പിൻചെന്ന് ഈശോയിലേക്ക് അടുക്കുവാനും ദൈവത്തിന്റെ കരുണാർദ്രസ്നേഹം ചുറ്റുമുള്ളവരിലേക്ക് പകരുവാനും നമുക്ക് ആത്മാർത്ഥമായി ആഗ്രഹിക്കാം, പരിശ്രമിക്കാം. അതിനായി ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ●



# ദൈവദാസൻ മാർ മാത്യു കാവുകാട്ട് – ചില ചിതറിയ ചിന്തകൾ


**സി. ബെഞ്ചമിൻ മേരി SABS**
**(28.12.1949 - 22.05.2020)**




**1959** ഏപ്രിൽ 27! വാഴപ്പള്ളി ആരാധനാമഠത്തിൽ സന്ന്യാസപരിശീലനം നേടിയ 22 നോവിസ്സസ് ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷൻ മാർ മാത്യു കാവുകാട്ടു പിതാവിൽനിന്നും വിശുദ്ധ കുർബാനയുടെ ആരാധനാസന്ന്യാസിനീ സമൂഹത്തിന്റെ സഭാവസ്ത്രം സ്വീകരിച്ച് തങ്ങളെത്തന്നെ ദിവ്യകാരുണ്യ ഈശോയ്ക്ക് സമർപ്പിച്ച പുണ്യദിനം! അതിലെ ഒരംഗമാകുവാനുള്ള ഭാഗ്യം എനിക്കും ലഭിച്ചു. ജീവിതത്തിൽ എന്തൊക്കെയോ നേടിയെടുത്തു എന്നുള്ള സന്തോഷത്തിലും സംതൃപ്തിയിലും മുഴുകിനിന്ന എന്നെ പിതാവിന്റെ അന്നത്തെ ഉപദേശം ഏറെ സ്പർശിച്ചു: ''സന്ന്യാസവിളി ദൈവത്തിന്റെ വലിയൊരു ദാനമാണ്. അതു ലഭിക്കുന്നത് നമ്മുടെ ആരുടെയും മഹത്ത്വംകൊണ്ടല്ല. വിളിയിൽ അടങ്ങിയിരിക്കുന്ന മഹത്ത്വം തിരിച്ചറിയുകയും ദൈവേഷ്ടപ്രകാരം അതു നിറവേറ്റുകയും ചെയ്യുക എന്നതാണ് സന്ന്യാസത്തിന്റെ അടിത്തറ. വിശുദ്ധിയിലേയ്ക്കുള്ള ഈ വിളി ജീവിക്കുന്നതിന് അനുദിനമുണ്ടാകുന്ന ജീവിതാനുഭവങ്ങളെ ബലിവസ്തുക്കളായി ദൈവത്തിനു നൽകണം. അതു വലിയ രക്തസാക്ഷിത്വമാണ്''. പിതാവിന്റെ ഈ സന്ദേശം എന്റെ ഇളംമനസ്സിൽ സന്ന്യാസത്തിന്റെ യഥാർത്ഥരൂപം കോറിയിടുകയായിരുന്നു. പിന്നീട് പലപ്പോഴും പിതാവിനെ കാണുന്നതിനും സംസാരിക്കുന്നതിനും അവസരം ലഭിച്ചിട്ടുണ്ട്. പിതാവിന്റെ കയ്യിൽ നിന്നും ക്രിസ്തുമസ്സ് കേക്കും ഈസ്റ്റർ മുട്ടയും ഒക്കെ വാങ്ങിയ നിമിഷങ്ങൾ! ഒരു അപ്പന്റെ അടുക്കൽ മക്കൾക്കുള്ള സ്വാതന്ത്ര്യം അനുഭവിച്ച അവസരങ്ങൾ!



തന്റെ വിശ്രമാവസരങ്ങളിൽ നാലുമണി കഴിഞ്ഞ് അടുത്തുള്ള മഠങ്ങൾ സന്ദർശിച്ച് സിസ്റ്റേഴ്സിന്റെ സുഖാസുഖങ്ങൾ അന്വേഷിക്കുക പിതാവിന്റെ പതിവായിരുന്നു. ഒരു പ്രാവശ്യം വാഴപ്പള്ളി മഠത്തിലെ നോവിസ്സസിനെ കണ്ടപ്പോൾ പറഞ്ഞ കാര്യം ഓർക്കുന്നു: ''എനിക്ക് എന്റെ അമ്മയുടെ അടുക്കൽ പോയിരിക്കുന്നത് വലിയ സന്തോഷവും സംതൃപ്തിയും ആയിരുന്നു. എനിക്ക് അമ്മയോട് ഒന്നും പറയുവാനില്ല. അമ്മ ഇടയ്ക്കിടെ എന്തെങ്കിലും എന്നോടു ചോദിക്കുകയും പറയുകയും ചെയ്യും. എനിക്ക് അതുമതി. എന്റെ ഉള്ളു നിറയെ അമ്മയോടു സ്നേഹമുണ്ട്. അമ്മയ്ക്ക് എന്നോടും. ഇതുപോലെ നിങ്ങളും ഈശോയുടെ അടുക്കൽ പോയിരിക്കാനും ഈശോ പറയുന്നതു കേൾക്കാനും പഠിക്കണം''. ഒരു ആരാധനാസന്ന്യാസിനിയുടെ ദൗത്യം എന്തെന്ന് പഠിപ്പിക്കാൻ ഇതിൽ കൂടുതൽ എന്തു വേണം? സന്ന്യാസപരിശീലനത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് പിതാവ് ഓർമപ്പെടുത്തുമായിരുന്നു. പ്രാർഥനയ്ക്കും ഏകാന്തതയ്ക്കും ഉപകരിക്കുന്ന ഒരു പ്രത്യേകഭവനം ഉണ്ടാകേണ്ട ആവശ്യകത അധികാരികളെ ബോധ്യപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് മാമ്മൂട് നോവിഷ്യറ്റ് ഭവനം സ്ഥാപിതമായത്. ജൂണിയർ സിസ്റ്റേഴ്സിനെ മഠങ്ങളിലേയ്ക്കു മാറ്റുമ്പോൾ ഒരാൾ മാത്രമേ ഉള്ളുവെങ്കിലും അവരുടെ മേൽനോട്ടം വഹിക്കുന്നതിന് ഒരു സീനിയർ സിസ്റ്ററിനെ നിയമിക്കണമെന്നും പിതാവ് പ്രത്യേകം നിർദേശം നൽകിയിരുന്നു.

തന്റെ മുൻഗാമിയായ കുര്യാളശ്ശേരി പിതാവിനാൽ സ്ഥാപിതമായ വിശുദ്ധ കുർബാനയുടെ ആരാധനാ സന്ന്യാസിനീസമൂഹത്തിലെ അംഗങ്ങളോട് പിതാവിന് പ്രത്യേക താൽപ്പര്യമുള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. ''ദിവ്യനിയമത്തിന്റെ മേശയിൽ നിന്നും വിശുദ്ധ അൾത്താരയിൽ നിന്നും പോഷണം സ്വീകരിക്കുന്ന സന്ന്യാസികൾ ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റവയവങ്ങളെ സഹോദരന്മാരെപ്പോലെ സ്നേഹിക്കണം'' (രണ്ടാം വത്തിക്കാൻ കൗൺസിൽ, സന്യാസജീവിതം). ഈ തത്ത്വം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രാവർത്തികമാക്കാനുള്ള ആഹ്വാനമായിരുന്നു പിതാവിന്റെ മിതമായ സംസാരങ്ങളിൽ നിന്നും ലഭിച്ചിരുന്നത്. വളരെ നിസ്സാരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ വേണ്ടിയുള്ള പിതാവിന്റെ തമാശരൂപത്തിലുള്ള നിർദ്ദേശങ്ങൾ സന്തോഷപൂർവം അയവിറക്കുന്ന സഹോദരങ്ങൾ ഇപ്പോഴും ആരാധനാസമൂഹത്തിൽ ഏറെയുണ്ട്.

വണ്ടൻമേട്ടിൽ മഠം തുടങ്ങിയകാലം. പടിഞ്ഞാറൻ പ്രദേശങ്ങൾ മാത്രം കണ്ടുപരിചയമുള്ള എടത്വാ മഠാംഗങ്ങൾക്ക് വണ്ടൻമേട് മഠം കാണാനും ഹൈറേഞ്ചിന്റെ പ്രകൃതിഭംഗി ആസ്വദിക്കാനും

തീവ്രമായ ആഗ്രഹം. അക്കൊല്ലം വണ്ടൻമേട് മഠത്തിലേയ്ക്ക് ഒരു പിക്നിക് പോകാൻ മഠയോഗം തീരുമാനിച്ചു. വഴിയും മറ്റും മന സ്സിലാക്കുവാനും പിക്നിക് ദിവസം മഠം സൂക്ഷിക്കാനും രണ്ടുപേർ നേരത്തെ പോയി വരണമെന്ന് നിശ്ചയിക്കുകയും ചെയ്തു. അപ്രകാരം രണ്ടുപേർ വണ്ടൻമേട് മഠത്തിൽ എത്തിയ ദിവസംതന്നെ വന്ദ്യപിതാവും അവിടെ ചെന്നിരുന്നു. മദർ വളരെ കാര്യമായി എടത്വാ മഠംകാരെ പരി ചയപ്പെടുത്തി. ഉടനെ പിതാവ് ചോദിച്ചു: ''ഈ മഠത്തിലുള്ളവർക്കു കൊടുക്കുവാൻ നിങ്ങൾ എന്താണ് കൊണ്ടുവന്നത്?'' ''ഒന്നും കൊണ്ടു വന്നിട്ടില്ല'' എന്ന് അവർ പറഞ്ഞയുടനെ പിതാവു പറഞ്ഞു: ''കുറച്ചു കരിമീൻ വറുത്തതെങ്കിലും നിങ്ങൾ കൊണ്ടുവരേണ്ടതല്ലേ?'' എന്നിട്ട് മദറിനോടു പറഞ്ഞു: ''ഇന്നിവർക്ക് കഞ്ഞിയും ചമ്മന്തിയും മാത്രം കൊടുത്താൽ മതി''. ഞങ്ങൾ വഴി പഠിക്കാൻ വന്നവരാണെന്നും ഇനി യുള്ളവർ വരുമ്പോൾ എന്തെങ്കിലും കൊണ്ടുവരും എന്നും അവർ പറഞ്ഞപ്പോൾ, ''എന്നാൽ ഇവർക്ക് നല്ല ഭക്ഷണം കൊടുക്കണം'' എന്ന് മദറിനെ ഓർമിപ്പിച്ചു. ''ആ മഠം, ഈ മഠം'' എന്ന ചിന്തകൂടാതെ എല്ലാ മഠങ്ങളും ഒന്നുപോലെ കാണണം എന്ന് സ്ഥാപകപിതാവ് പഠിപ്പിച്ചത് ആവർത്തിച്ചുറപ്പിക്കുകയും പ്രായോഗികമാക്കുകയും ചെയ്ത വിശ്വസ്തനായ പിൻഗാമികൂടിയായിരുന്നു പിതാവ്.

ഓരോരുത്തരെയും അവർ ആയിരിക്കുന്ന വിധത്തിൽ കാണാനും അവരെ ഉൾക്കൊള്ളുവാനും പിതാവിനുള്ള കഴിവ് ഒന്നുവേറെത ന്നെയാണ്. അരമനയിലെ ചാപ്പൽ വൃത്തിയാക്കി അൾത്താര അലങ്ക രിക്കുന്നത് അക്കാലത്ത്, ഞങ്ങൾ - അമലഭവനിലെ സിസ്റ്റേഴ്സ് - ആയിരുന്നു. ഇടയ്ക്കിടെ പിതാ വ് ഞങ്ങൾ ചെയ്യുന്ന ജോലി നോ ക്കിനിന്ന് ഞങ്ങളെ പ്രോത്സാഹി പ്പിക്കുകയും മധുരപലഹാരങ്ങൾ നൽകുകയും ചെയ്തിരുന്നു. ഒരു ദിവസം ചാപ്പലിലെ മാറാല നീക്കുമ്പോൾ ഭിത്തിയിലെ കു രിശുരൂപം താഴെ വീണ് പൊട്ടി. ഇനി എന്തു ചെയ്യണമെന്നറിയാ തെ പേടിച്ചുവിറച്ച് പിതാവിന്റെ



അടുക്കൽ ചെന്നപ്പോൾ ''ഓ! സാരമില്ല, അതു ഞാൻ ശരിയാക്കി ക്കൊള്ളാം'' എന്നു പറഞ്ഞ് ആശ്വസിപ്പിക്കുകയും ഒരു പായ്ക്കറ്റ് മിഠായി തന്ന് സന്തോഷിപ്പിച്ചു പറഞ്ഞയയ്ക്കുകയും ചെയ്തു.



കാവുകാട്ടു കുടുംബവുമായി എന്റെ വീട്ടുകാർക്ക് നല്ല അടുപ്പം ഉണ്ടായിരുന്നു. എന്റെ ചാച്ചന്റെ വലിയ ഒരു സുഹൃത്തായിരുന്നു പിതാവ് എങ്കിലും, മഠത്തിൽ വന്നതിൽപ്പിന്നെയാണ് ഞാൻ പിതാവിനെ കാണുന്നത്. പിതാവ് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് മലയാളം ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്ററും കാഞ്ഞിരപ്പള്ളി ഫൊറോന പള്ളിയുടെ അസിസ്റ്റന്റ് വികാരിയുമായിരുന്ന അവസരത്തിലാണ് ചാച്ചൻ ഒരിക്കൽ തന്റെ സുഹൃത്തിനെ കാണാൻ കാഞ്ഞിരപ്പള്ളിക്കു പോയത്. സമയം വൈകിയതിനാൽ അന്ന് അവിടെ താമസിക്കുവാൻ കാവുകാട്ടു കൊച്ചച്ചൻ ചാച്ചനെ നിർബന്ധിച്ചു. സ്ഥലസാഹചര്യങ്ങൾ കണ്ടും സൗഹൃദസംഭാഷണത്തിൽ ഏർപ്പെട്ടും സമയം നീണ്ടു. പത്തുമണിയായപ്പോൾ കാവുകാട്ട് അച്ചൻ പറഞ്ഞു: ''ഇനി തൊമ്മച്ചൻ പോയി കിടന്നുകൊള്ളുക. നാളെ ഞായറാഴ്ചയല്ലേ? കുർബാനയ്ക്കു പ്രസംഗം പറയണം. ഒരുങ്ങി സമയപരിധിയ്ക്കുള്ളിൽ പറഞ്ഞില്ലെങ്കിൽ ജനങ്ങൾക്ക് ഇഷ്ടപെടുകയില്ല.'' തന്റെ ഉത്തരവാദിത്വത്തോടുള്ള പ്രതിബദ്ധത! ''നിന്നെക്കുറിച്ചും നിന്റെ പ്രബോധനത്തെക്കുറിച്ചും ശ്രദ്ധിക്കുക'' (1 തിമോ 4:16). തിമോത്തിക്ക് വിശുദ്ധ ശ്ലീഹാ നൽകുന്ന ഈ ഉപദേശം കാവുകാട്ടു പിതാവ് തന്റെ അജപാലനശുശ്രൂഷയിൽ പ്രാവർത്തികമാക്കി.

''സ്നേഹത്തോടെയുള്ള ശുശ്രൂഷയ്ക്ക്'' (Servire in Caritatis) എന്ന ആപ്തവാക്യം സ്വീകരിച്ച് പിതാവ് തന്റെ അജപാലനരംഗത്തെ എല്ലാ മേഖലകളെയും സ്നേഹശുശ്രൂഷയുടെ ഇടമാക്കി. മെത്രാൻസ്ഥാനത്തെക്കുറിച്ച് വിശുദ്ധ അഗസ്റ്റിൻ പറഞ്ഞിരിക്കുന്നത് പിതാവിന്റെ ജീവിതത്തിൽ അന്വർഥമാണെന്നു കാണാം. ''ഞാൻ മെത്രാനായിരിക്കുന്നത് നിങ്ങൾക്കുവേണ്ടിയാണ്. എന്നാൽ ഞാൻ നിങ്ങളോടൊപ്പം ഒരു ക്രിസ്ത്യാനിയാണ്''. ആദ്യം പറഞ്ഞത് ഒരു ചുമതലയുടെ പദവിയെക്കുറിച്ചാണ് എങ്കിൽ, രണ്ടാമത്തേത് ക്രിസ്ത്യാനിയായിരിക്കുന്നത് ദൈവകൃപയാണ് എന്ന് അനുസ്മരിക്കുന്നു. ഈ ഉൾക്കാഴ്ചയാണ് പിതാവിനെ ഒരു നല്ല ക്രിസ്തുശിഷ്യൻ ആക്കിയതും മനുഷ്യഹൃദയങ്ങളിൽ ഇന്നും നിലകൊള്ളുവാൻ ഇടയാക്കിയതും.

പിതാവ് പ്രാർഥനയുടെ ഒരു മനുഷ്യനായിരുന്നു. വിശുദ്ധ കുർബാനയുടെ സന്നിധിയിൽ ദീർഘനേരം പ്രാർഥനാനിരതനായിരുന്ന് ഈശോയുടെ മനോഭാവങ്ങൾ ഉൾക്കൊള്ളാനും ആ മനോഭാവങ്ങൾ മറ്റുള്ളവരിലേയ്ക്കു പകരുവാനും പിതാവിന്റെ ജീവിതത്തിനു കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ വിദ്യാർഥികളും സഹപ്രവർത്തകരും ഒന്നുപോലെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിദ്യാർഥികളോടൊപ്പമുള്ള പ്രഭാത-സന്ധ്യാപ്രാർഥനകൾക്കപ്പുറം ഏറെനേരം നിശ്ശബ്ദപ്രാർഥനയിലും ധ്യാനത്തിലും പിതാവു സമയം ചിലവഴിച്ചിരുന്നതായി താൻ കണ്ടിട്ടുണ്ടെന്ന് അഭിവന്ദ്യ പവ്വത്തിൽ പിതാവ് കാവുകാട്ടുപിതാവിനെക്കുറിച്ചുള്ള അനുസ്മരണത്തിൽ കുറിച്ചിരിക്കുന്നത് വായിക്കാനിടയായിട്ടുണ്ട്.

ശാരീരികമായും മാനസികമായും സഹനത്തിന്റെ തീച്ചൂളയിൽ നീറിയപ്പോഴും ദൈവഹിതമായി അതിനെ സ്വീകരിക്കാൻ പിതാവിനു കഴിഞ്ഞിരുന്നു. തന്റെ രോഗത്തിന്റെ അസ്വസ്ഥതയെക്കാൾ പിതാവിനെ തളർത്തിയത് ബഹു. ബെനഡിക്ട് ഓണംകുളത്തിലച്ചൻ നേരിട്ട കേസ് ആയിരുന്നു. കാവുകാട്ടുപിതാവിനെക്കുറിച്ച് ബഹു. ബെനഡിക്ടച്ചന്റെ ചില സ്മരണകളിൽ ഇതു വ്യക്തമാണ്. അച്ചൻ കടയിനിക്കാട് വൃദ്ധമന്ദിരത്തിൽ ചാപ്ലെയിൻ ആയിരുന്നപ്പോൾ ബഹു. ഇസ്പിരിത്താമ്മയും ഞാനും കൂടി അച്ചനെക്കണ്ട് വിശുദ്ധ കുർബാനയുടെ ആരാധനാസന്യാസിനീ സമൂഹത്തിന്റെ സഹസ്ഥാപകയും ആദ്യാംഗവുമായ ബഹു. ഷന്താളമ്മയെക്കുറിച്ച് ചില കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിനായി അവിടെ ഒരിക്കൽ പോയിരുന്നു. സംഭാഷണമധ്യേ അദ്ദേഹത്തിന്റെ ജയിൽവാസം പരാമർശിക്കാൻ ഇടയായി. ബഹു. ഷന്താളമ്മയ്ക്ക് അച്ചനിൽ നിന്നും ലഭിച്ച കത്തുകൾ അമ്മ സൂക്ഷിച്ചു വച്ചിട്ടുണ്ടായിരുന്നുവെന്നും അവ ഞങ്ങൾക്ക് ഒരു മുതൽക്കൂട്ട് തന്നെയാണെന്നും ഞങ്ങൾ പറയുന്നതിനും ആ സന്ദർഭം ഇടയാക്കി.

ജയിലിൽ നിന്നു തിരിച്ചുവന്നപ്പോൾ കാവുകാട്ട് പിതാവ് തന്നോട് ''Father, you have suffered a lot; we also suffered with you'' എന്നായിരുന്നു ആദ്യമായി പറഞ്ഞത് എന്നും അദ്ദേഹം അനുസ്മരിച്ചു. തന്റെ ജയിൽ വാസത്തെക്കുറിച്ച് കാവുകാട്ടുപിതാവിന്റെ അടുക്കൽ വളരെ വിശദമായി വെളിപ്പെടുത്തിയിരുന്നെന്നും എന്നാൽ ''ഇക്കാര്യങ്ങൾ മറ്റാരോടും പറയണ്ട; ഒരടഞ്ഞ അധ്യായമായി ഇതിനെ കണ്ടാൽ മതി''യെന്ന് പിതാവ് പറഞ്ഞിരുന്നുവെന്നും അദ്ദേഹം ഞങ്ങളോടു പറഞ്ഞു. എന്നാൽ, പിന്നീട് പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് എല്ലാക്കാര്യങ്ങളും എഴുതിക്കൊടുക്കുകയായിരുന്നു

എന്ന് ഓർമിച്ചുകൊണ്ട് അദ്ദേഹം തുടർന്നു: ''ജയിൽ വാസമനുഭവിച്ചതിന്റെ പേരിൽ, വിശുദ്ധ കുർബാന ചൊല്ലണ്ട എന്ന് ഒരു ദിവസം പോലും പിതാവ് എന്നോട് ആവശ്യപ്പെട്ടില്ല. കുമ്പസാരിച്ചിട്ടു കുർബാന ചൊല്ലിയാൽ മതി എന്നുപോലും പിതാവു പറഞ്ഞില്ല. ജയിലിൽ നിന്ന് തിരിച്ചുവന്നപ്പോൾ എന്നെ സ്വീകരിക്കുന്നതിനായി ഒരു ജനക്കൂട്ടം തന്നെ അരമനയിൽ തടിച്ചുകൂടിയിരുന്നു. പോരുന്ന വഴിയിൽ സ്വീകരണമുണ്ടായിരുന്നതിനാൽ വൈകിട്ട് എട്ടുമണിയോടുകൂടിയേ അരമനയിൽ എത്താൻ കഴിഞ്ഞുള്ളു. ഈ സമയമെല്ലാം എന്നെ പ്രതീക്ഷിച്ചിരുന്ന പിതാവ്, അദ്ദേഹത്തിന്റെ പക്കൽ ഞാൻ എത്തുന്നതിനുമുമ്പേ ''കുർബാന ചൊല്ലാൻ അച്ചന് ആരോഗ്യമുണ്ടെങ്കിൽ കുർബാന ചൊല്ലിയശേഷം ജനങ്ങളെ പിരിച്ചുവിടുക. ആരോഗ്യമില്ലെങ്കിൽ ഒരു വാഴ്വ് എങ്കിലും നടത്തുക'' എന്നെന്നോടു പറയാൻ ആളെ അയച്ചു. ചാപ്പലിൽ എല്ലാവർക്കും നിൽക്കുവാൻ സ്ഥലമില്ലാതിരുന്നതുകൊണ്ട്, ഗ്രോട്ടോയിൽ ആണ് കുർബാന അർപ്പിച്ചത്''. ഇപ്രകാരം, പിതാവിന്റെ സ്നേഹത്തെയും കരുതലിനെയും കുറിച്ച് പറയുമ്പോൾ അദ്ദേഹം ഗദ്ഗദകണ്ഠനായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടതിന്റെ വേദന പിതൃസ്നേഹത്തിൽ മറന്ന നിമിഷങ്ങൾ!

എന്റെ ജീവിതത്തിലെ ഒരു അസുലഭ ഭാഗ്യമായിരുന്നു വന്ദ്യപിതാവിന്റെ സംസ്ക്കാരച്ചടങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചു എന്നത്. അന്ന് ചരമപ്രസംഗം നടത്തിയത് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് ആയിരുന്നു. അഭിവന്ദ്യകാവുകാട്ടുപിതാവ് ജീവിച്ചിരുന്ന ഒരു രക്തസാക്ഷി ആയിരുന്നുവെന്നും പിതാവ് ശുദ്ധീകരണസ്ഥലത്ത് എങ്ങാനും പോകാനിടയായാൽ അത് ദൈവം ആവശ്യപ്പെട്ടതിലേറെ സ്നേഹം അദ്ദേഹം കാട്ടിയെന്നതിന്റെ പേരിൽ ആയിരിക്കും എന്നും അദ്ദേഹം പറഞ്ഞത് ഇന്നും സ്മരണയിൽ തങ്ങിനിൽക്കുന്നു.





''മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കുകയാണ് യഥാർഥമായ പരസ്നേഹത്തിന്റെ സ്വഭാവം. പ്രശംസയെ പ്രതീക്ഷിച്ചും പ്രതിഫലത്തെ ഉദ്ദേശിച്ചും ചെയ്യുന്ന സേവനം സ്നേഹചൈതന്യത്തിന്റെ പ്രേരണയാലുള്ളതല്ല. ആധുനികലോകത്തിൽ നാം കാണുന്ന സ്വാർഥതയ്ക്കും അഴിമതിക്കും പ്രതികാരമനോഭാവത്തിനും കാരണം മനുഷ്യഹൃദയങ്ങളിൽ പരസ്നേഹത്തിന്റെ ഉറവ ഉണങ്ങിപ്പോയി എന്നുള്ളതാണ്'' എന്ന പിതാവിന്റെ 1-3-55 ലെ ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നത് നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്.

ദൈവദാസപദവിയിലായിരിക്കുന്ന കാവുകാട്ടുപിതാവ് കാലവിളംബമെന്യേ വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെടുന്നതിന് ഇടവരട്ടെയെന്നു പ്രാർഥിക്കുന്നു.



ചങ്ങനാശേരി
മെത്രാപ്പോലീത്തൻ
ഇടവകാംഗമായ
**കുന്നിപ്പറമ്പിൽ**
**ബഹു. സേവ്യർ അച്ചന്**
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാപുഷ്പങ്ങൾ...

**മരണം: 2021 ആഗസ്റ്റ് 30**



# ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട് മ്യൂസിയം


ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ 52–ാം ചരമവാർഷിക ആചരണത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായ അഭിവന്ദ്യ കാവുകാട്ടുപിതാവിന്റെ നാമധേയത്തിലുള്ള, കാവുകാട്ട് മ്യൂസിയത്തിന്റെ പണികൾ അവസാനഘട്ടത്തിലേക്ക് എത്തിയിരിക്കുകയാണ്. സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് കരുതുന്നു. എല്ലാവരുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങളോടെ ഇതുവരെയുള്ള പണികൾ നടത്തുവാൻ സാധിച്ചു. തുടർന്നുള്ള പണികൾ പൂർത്തിയാക്കുവാൻ ഇനിയും എല്ലാവരുടെയും സഹകരണം അത്യാവശ്യമാണ്. കോവിഡ് മഹാമാരിയുടെ ഈ കാലത്തും സന്തോഷപൂർവം സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർത്തു പ്രാത്ഥിക്കുന്നു. ഈ ചരമവാർഷികദിനങ്ങളിൽ എല്ലാവരുടെയും നിയോഗങ്ങളും പ്രാർത്ഥനക്കളും ദൈവത്തിന് സമർപ്പിക്കുന്നു. എല്ലാവരുടെയും നിസ്വാർത്ഥമായ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

**ഫാ. അലൻ കുര്യൻ വെട്ടുകുഴിയിൽ**
**ക്യൂറേറ്റർ**

Bank Details

BANK: SOUTH INDIAN BANK (SIB)
ACCOUNT NAME: ARCHBISHOP MAR MATHEW KAVUKATT MUSEUM
**ACCOUNT NUMBER: 0340053000006553**
IFSC: SIBL0000340







# കാവുകാട്ട് പിതാവ്
## ഓർമ്മയിൽ നിന്ന്...

**ഫാ. ജോർജ്ജ് മഠത്തിപ്പറമ്പിൽ**



കാവുകാട്ട് പിതാവിന്റെ 52-ാം ചരമവാർഷികം ആചരിക്കുന്ന ഈ അവസരത്തിൽ പിതാവിനെക്കുറിച്ചുള്ള ഓർമ്മകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം സന്തോഷമുണ്ട്. കേരളം കണ്ടതിൽ ഏറ്റവും പ്രഗത്ഭനായ വൈദികശ്രേഷ്ഠനും, ഉദാരമതിയും ക്രിസ്തീയ ചൈതന്യത്താൽ അനുഗൃഹീതനുമായ പിതാവിനെ സ്നേഹത്തോടും അതിയായ ആദരവോടും കൂടിയേ ഓർക്കുവാൻ സാധിക്കുകയുള്ളു. പിതാവിന്റെ പ്രസംഗചാതുര്യവും സ്നേഹത്തോടെയുള്ള സമീപനവും ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല.

ഞങ്ങളൊക്കെ സെമിനാരിയിൽ പഠിച്ചിരുന്ന കാലമായതുകൊണ്ട് അധികം വ്യക്തിപരമായി പിതാവുമായിട്ട് ഇടപഴകുവാൻ സാധിച്ചിട്ടില്ല. ദൂരെ നിന്നുള്ള കാഴ്ച്ചയായിരുന്നു കൂടുതൽ. പിതാവിന്റെ അതിശക്തമായ പൈതൃക നേതൃത്വം ദൃശ്യമായത് പാലിയ സ്വീകരണ വേളയിലായിരുന്നു. വളരെ ശബ്ദം വച്ച് ബഹളം കൂട്ടിയ ജനങ്ങൾ പിതാവിന്റെ അഭ്യർത്ഥനകേട്ട്, നിശബ്ദരായി, കൂടുതൽ സമയവും കുർബാന മുട്ടിന്മേൽനിന്ന് കൂടിയത് ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ വിമോചനസമരത്തിന് നേതൃത്വം കൊടുത്തുകൊണ്ട് ചങ്ങനാശേരി അതിരൂപതയിലെ സ്കൂളുകൾ അടച്ചിടുവാൻ തീരുമാനിച്ചതും കേരളചരിത്രത്തിലെ നിർണ്ണായകമായ സംഭവമാണ്.

സെമിനാരിയിൽ ചേരുന്നതിനായി അരമനയിൽ ചെന്ന് പിതാവിനെ കണ്ട അവസരം മനസ്സിൽ ഇപ്പോഴും മായാതെ നില്കുന്നു. അന്ന് SSLC ക്ക് ഫസ്റ്റ് ക്ലാസ് കിട്ടുന്നവർ ചുരുക്കമായിരുന്നു. മാർക്ക് എല്ലാം കണ്ട് പിതാവ് തന്റെ അഭിനന്ദനം രേഖപ്പെടുത്തി പറഞ്ഞ വാക്കുകൾ ഇപ്പോഴും ഓർക്കുന്നു.

പിതാവിന്റെ ഉന്നത വിദ്യാഭ്യാസത്തോടുള്ള താല്പര്യം അറിയുന്നത് സെമിനാരിവിദ്യാർത്ഥികളെ കോളേജിൽ വിട്ട് പഠിപ്പിക്കുന്നതിനെടുത്ത തീരുമാനമാണ്. പല രൂപതകളും വൈമുഖ്യം

കാണിച്ചിരുന്ന സമയത്ത്, പിതാവ് വളരെ സന്തോഷത്തോടുകൂടി സെമിനാരിക്കാരെ ഡിഗ്രിപഠനത്തിന് വിട്ടിരുന്നു. പിതാവ് കാണിച്ചു തന്ന പാതയിൽ കൂടി മുന്നേറാൻ എനിക്ക് സാധിച്ചത് വലിയ അനുഗ്രഹമായി കരുതുന്നു. ബനഡിക്ട് മാർപാപ്പ, അമേരിക്കയുടെ തലസ്ഥാനമായ വാഷിംഗ്ടൺ ഡി. സി. യിൽ വച്ച് 2008 ൽ വിദ്യാഭ്യാസ വിദഗ്ധരെ അഭിസംബോധന ചെയ്ത വാക്കുകൾ, ദശാബ്ദങ്ങൾക്കു മുമ്പ് കാവുകാട്ട് പിതാവ് പ്രാവർത്തികമാക്കിയിരുന്നു: സുവിശേഷം പ്രഘോഷിക്കുവാനുള്ള സഭയുടെ ദൗത്യത്തിന്റെ പ്രധാനഭാഗമാണ് വിദ്യാഭ്യാസം.

വൈദികപദവിയിലേക്ക് ഞങ്ങളെ ഉയർത്തിയ പിതാവ് തന്റെ പ്രസംഗത്തിൽ അജപാലന ശുശ്രൂഷയുടെ മാഹാത്മ്യത്തെക്കുറിച്ചാണ് സംസാരിച്ചത്. വൈദികനായതിനുശേഷം ഒരു ദിവസം പിതാവ് വിളിച്ചിട്ട് പറഞ്ഞു. "S.B. College ൽ പ്രിൻസിപ്പലച്ചനെ കാണുവാനും M.A. (English) ന് ചേരുവാനും പഠിച്ചുകഴിയുമ്പോൾ, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ ഒരു ഒഴിവു വരും, അച്ചൻ അവിടെ ചേർന്ന് പഠിപ്പിക്കണം." എത്ര കരുതലോടെ, സ്നേഹത്തോടെയാണ് പിതാവ് ആ ദൗത്യമേല്പിച്ചതെന്ന് ആദരവോടെ ഓർക്കുന്നു. പിതാവിന്റെ നിർദ്ദേശമാണ് എനിക്ക് S.B. College ൽ അധ്യാപകനാകാനും ആ കോളേജിന്റെ വളർച്ചയിൽ എളിയസംഭാവനകൾ നൽകുവാനും സാധിച്ചത്.

പിതാവിന്റെ പ്രസംഗങ്ങൾ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. സ്വരത്തിന്റെ ഗാംഭീര്യവും ആശയസൗഷ്ടവവും കൊണ്ട് അവ പ്രചോദനാത്മകയിരുന്നു. ഞങ്ങൾ സെമിനാരിയിൽ ആയിരിക്കുമ്പോൾ, പരി. മാതാവിനെക്കുറിച്ച് Wordsworth എന്ന കവിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് പിതാവ് സംസാരിച്ചത്: “Trained nature’s solitary boast.” S.B. College ലെ ആ മീറ്റിംഗിൽ സമ്മാനദാനം നിർവ്വഹിക്കുന്ന അവസരത്തിൽ Tennyson എന്ന കവിയുടെ വാക്കുകളാണ് പിതാവ് ഉദ്ധരിച്ചത്: “It is better to have loved and lost than never to have loved at all.” വിമോചനസമരം കഴിഞ്ഞ് S.B. College ൽ നടന്ന മീറ്ററിംഗിൽ പിതാവ് പറഞ്ഞു: "Hate communism but don't hate communists."

പിതാവിന്റെ ശവമഞ്ചം പള്ളിയിൽനിന്ന് പുറത്തേയ്ക്ക് എടുക്കുവാൻ നേരത്ത് അത് വഹിക്കുന്നതിന് ഒരാളായി നിയോഗിക്കപ്പെട്ടത് അനുഗ്രഹമായി കരുതുന്നു. വിജ്ഞാനത്തിന്റെ ഉന്നതതലങ്ങളിലേക്ക് നമ്മളെ നയിക്കുകയും ഉത്തുംഗമായ മാനവികതയിലേയ്ക്കും ക്രിസ്തീയ സ്നേഹത്തിലേക്കും നമ്മളെ ഉയർത്തുകയും ചെയ്ത പിതാവ് കേരളക്രൈസ്തവലോകത്തിലെ അതുല്യതാരമാണ്. ●

# കാവുകാട്ടു പിതാവ് എന്റെ ഓർമ്മയിൽ

## ഫാ. ജോസ് പി. കൊട്ടാരം



കാവുകാട്ടുപിതാവ് നമ്മെ വിട്ടുപിരിഞ്ഞിട്ട് 52 വർഷം കടന്നു പോയെങ്കിലും പിതാവിനെപ്പറ്റിയുള്ള ഓർമ്മ ഇന്നും പച്ചകെടാതെ എന്റെ മനസ്സിൽ നിൽക്കുന്നു. എന്റെ വൈദിക പരിശീലനം മുഴുവൻ പിതാവിന്റെ കാലത്തായിരുന്നെങ്കിലും പൗരോഹിത്യ ശുശ്രൂഷ കഷ്ടിച്ച് 2 വർഷമേ പിതാവിന്റെ കൂടെ ചെയ്യാൻ സാധിച്ചുള്ളൂ എന്നത് ഒരു ദുഃഖമാണ്. പിതാവുമായി ഒത്തിരിയേറെ ബന്ധപ്പെടാൻ കഴിഞ്ഞില്ലെങ്കിലും, ഉള്ള ബന്ധം ഏറെ ഊഷ്മളവും ഹൃദയത്തിൽ പതിഞ്ഞതുമാണ്. അതിൽ ചിലത്ത് കുറിക്കട്ടെ.

1958 ൽ ആണ് ഞാൻ SSLC പരീക്ഷ എഴുതുന്നത്. അവസാനത്തെ 2 വിഷയങ്ങൾ എഴുതുന്നതിനുമുമ്പ് എനിക്ക് വസൂരിരോഗം പിടിപെട്ടു. അതുകാരണം, പരീക്ഷ പൂർത്തിയാക്കാൻ സാധിച്ചില്ല. വൈദികനാകണം എന്ന അതിയായ ആഗ്രഹം കുട്ടിക്കാലം മുതൽ ഉണ്ടായിരുന്നതു കൊണ്ട് അത് ഒരു വലിയ ദുഃഖമായിപ്പോയി. എന്റെ ഹെഡ്മാസ്റ്റർ ബഹുമാനപ്പെട്ട ഗ്രിഗറി വെള്ളാപ്പള്ളിലച്ചൻ എന്നെ ആശ്വസിപ്പിച്ച്, ഒരു വർഷം നഷ്ടപ്പെടുത്താതെ ഈ വർഷം തന്നെ നമുക്ക് സെമിനാരിയിൽ ചേരാൻ ശ്രമിക്കാം എന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ അതിശ്രദ്ധേയമായ ഒരു എഴുത്തുമായി ഞാൻ ആദ്യമായി ഒറ്റയ്ക്ക് അഭിവന്ദ്യ പിതാവിനെ കണ്ടു. പിതാവ് ആ എഴുത്ത് താൽപര്യപൂർവം വായിച്ചിട്ട് പറഞ്ഞു 'അങ്ങനെ ഒരു പതിവില്ലല്ലോ കുഞ്ഞേ... നമുക്ക് ഒരു വർഷംകൂടി കാത്തിരിക്കാം.' ദൈവാനുഗ്രഹത്താൽ എന്റെ ആ ഒരു വർഷം നഷ്ടമായില്ല. സെപ്റ്റംബറിൽ പരീക്ഷ എഴുതിയതിനുശേഷം എന്റെ വല്യമ്മച്ചിയുടെ സഹോദരൻ പെരിയ ബഹുമാനപ്പെട്ട സക്കറിയാസ് പുന്നാപ്പാടത്ത് അച്ചന്റെ കൂടെ ഒരു മൽപാനേറ്റ് പോലെ താമസിച്ച് പഠനവും പരിശീലനവും തുടങ്ങി. അത് ഒരു പ്രത്യേകതയായി കണക്കാക്കി എനിക്ക് ഒരു വർഷം സെമിനാരിയിൽ ഇളവു കിട്ടി.

1959 ജൂൺ മാസത്തിൽ സെമിനാരിയിൽ ചേരുന്നതിനുമുമ്പ് പിതാവിനെ നേരിൽ കണ്ടതായി ഓർമ്മയില്ല. എന്റെ അടുത്ത ബന്ധു

ക്കളായ അച്ചൻമാർവഴി എന്നെ മനസ്സിലാക്കിയിട്ടുണ്ടാകും എന്ന് കരുതുന്നു. വല്ലപ്പോഴുമൊക്കെ പിതാവ് സെമിനാരിയിൽ വന്ന് ഞങ്ങളെ സന്ദർശിക്കുമായിരുന്നു. രണ്ടാമത്തെ വർഷം അവസാനം മേജർ സെമിനാരിക്ക് കൊടുക്കാനുള്ള രേഖകൾ തയ്യാറാക്കിയപ്പോൾ ഞാൻ മൂറോൻ അഭിഷേകം സ്വീകരിച്ചതിന്റെ രേഖയില്ല എന്ന് പെരിയ ബഹുമാനപ്പെട്ട റെക്ടർ തൈച്ചേരി അച്ചന് മനസ്സിലായി. അദ്ദേഹം എന്നോടു പറഞ്ഞു, 'സാരമില്ല. മാർച്ച് 5-ാം തീയതി അരമന ചാപ്പലിൽവച്ച് രാവിലെ 6 മണിക്ക് ആ കൂദാശ നൽകാം എന്ന് പിതാവ് സമ്മതിച്ചിട്ടുണ്ട്' എന്നുപറഞ്ഞു. അങ്ങനെ ഞാൻ അന്ന് ഒറ്റയ്ക്ക് അരമന ചാപ്പലിൽ മാർച്ച് 5-ാം തീയതി തൈലാഭിഷേകം സ്വീകരിച്ചു.

കർമ്മലഗിരി സെമിനാരിയിലും മംഗലപ്പുഴ സെമിനാരിയിലും പിതാവ് ചിലപ്പോഴൊക്കെ ഞങ്ങളെ സന്ദർശിക്കാറുണ്ടായിരുന്നു. പിതാവ് രോഗാവസ്ഥയിൽ ആയിരുന്നതുകൊണ്ട് പ്രവേശക പട്ടങ്ങളും മ്ശംശാന പട്ടവും മറ്റു പിതാക്കൻമാരാണ് ഞങ്ങൾക്കു നൽകിയത്. പിതാവ് തന്നെ ഞങ്ങൾക്ക് പൗരോഹിത്യപട്ടം നൽകണമെന്ന് സ്നേഹപൂർവ്വം ഞങ്ങൾ നിർബന്ധിച്ചു. അങ്ങനെ ഉൻമേഷവാനായി ഞങ്ങളെ ഒൻപതുപേരെ 1967 ഡിസംബർ 18 ന് മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് അഭിഷേകം ചെയ്തു.



ഏതാനും ദിവസങ്ങൾക്കുശേഷം പിതാവിനോടൊത്ത് ഉച്ചഭക്ഷണം കഴിക്കുവാൻ ഞങ്ങളെ അരമനയിലേക്ക് ക്ഷണിച്ചു. അതൊരു അസുലഭസന്ദർഭമായിരുന്നു. കാരണം, ഭക്ഷണശാലയുടെ വലുപ്പക്കുറവ് കാരണമാവാം പിതാവിനോടൊത്ത് ഞങ്ങൾ ഭക്ഷണം കഴിച്ചിട്ടില്ലായിരുന്നു. ഭക്ഷണത്തിനു ശേഷം ഞങ്ങളെ മുറിയിൽ വരുത്തി കാണുകയും ക്രിസ്തുമസ് ആശംസകളും 40 കുർബാന ധർമ്മവും അടങ്ങുന്ന ഒരു കവർ സമ്മാനിക്കുകയും ചെയ്തു. കുമ്പസാര അനുവാദം വാക്കാൽ ഞങ്ങൾക്ക് നൽകി പറഞ്ഞയച്ചു. ഞങ്ങൾ ജനുവരി ആദ്യം സെമിനാരിയിലേക്ക് തിരിച്ചുപോയി. മാർച്ച് 16-ാം തീയതി സെമിനാരിയിൽനിന്നു വന്ന ഞങ്ങൾക്ക് സാധനങ്ങൾ എടുക്കാൻ ഒരു ട്രക്ക് പിതാവ് പറഞ്ഞയച്ചതായി ഓർക്കുന്നു. മെയ് മാസം ഏഴാം തീയതി ചുമതല ഏൽക്കത്തക്കവിധം ഞങ്ങൾക്ക് ആദ്യനിയമനപത്തോന്തി നൽകി. മലനാട്ടിലുള്ള മുണ്ടിയെരുമയിലേയ്ക്കായിരുന്നു എന്റെ നിയമനം.

മുണ്ടിയെരുമയിൽനിന്ന് ആദ്യമായി ഞാൻ പിതാവിനെ കാണാൻ വന്നു. വീട് അൽപം ദൂരമായിരുന്നതുകൊണ്ട് ചുമതല ഏൽക്കുന്നതിനുമുൻപ് പിതാവിനെ കാണാനുള്ള മര്യാദ ഞാൻ കാണിച്ചതായി ഓർക്കുന്നില്ല. മുറിയിലിരുന്ന് ഞങ്ങൾ സംസാരിച്ചു. പിതാവ് ആദ്യമേതന്നെ തിരക്കിയത് എനിക്ക് അവിടെ പ്രയാസമാണോ എന്നാണ്. കാരണം, 14 കിലോമീറ്ററും 6 കിലോമീറ്ററും വീതം അകലെയുള്ള, വാഹനസൗകാര്യമില്ലാത്ത, രണ്ടു പള്ളികളിൽ പോയി കുർബ്ബാന അർപ്പിക്കുകയും കാര്യങ്ങൾ അന്വേഷിക്കുകയും വേണമായിരുന്നു. എങ്കിലും ആ പ്രായത്തിൽ അത് ഒരു പ്രയാസമായി തോന്നിയില്ല. അതുകൊണ്ട് ഞാൻ പറഞ്ഞു, യാതൊരു പ്രയാസവുമില്ല എന്ന്. അത് വിശ്വാസം വരാതെ, 'അച്ചനെ അവിടെനിന്നു മാറ്റാം എന്ന് വിചാരിക്കുകയാണ്. എവിടേക്ക് ആണ് മാറാൻ ആഗ്രഹം, തെക്കൻ മിഷനിലുള്ള മഞ്ചാലുമ്മൂട്ടിലേക്ക് ആയാലോ? അവിടെയും നടക്കാനുണ്ട്; എങ്കിലും പ്രയാസമുള്ളതല്ല.' എനിക്ക് അവിടെ നിന്നു മാറണമെന്നില്ല, 'പിതാവ് പറയുന്നപോലെ എവിടെയും പോകാൻ തയാറാണ്' എന്ന് ഞാൻ അറിയിച്ചു. ഈ അവസരത്തിൽ ആദരണീയരായ ശ്രീ. കെ.എം ജോർജും ഇ. ജോൺ ജേക്കബും മറ്റും വന്നിരിക്കുന്നത് സെക്രട്ടറി അച്ചൻ അറിയിച്ചു. അപ്പോൾ ഞാൻ എഴുന്നേറ്റു, 'അച്ചൻ അവിടെ ഇരിക്ക്' എന്നുപറഞ്ഞു. അവരോട് കാത്തിരിക്കാൻ പറയാൻ സെക്രട്ടറി അച്ചനോട് നിർദേശിച്ചു. ഞങ്ങൾ പിന്നെയും സംസാരിച്ചു അവസാനം ഏതാനും കുർബാനധർമ്മംകൂടി തന്ന് എന്നെ യാത്രയാക്കി.

നവംബറിൽ എനിക്ക് ആനിക്കാട് പള്ളിയിലേക്കാണു മാറ്റം കിട്ടിയത്. പിതാവിന് നാമഹേതുക തിരുനാൾ മംഗളങ്ങൾ നേരാൻ ഞങ്ങൾ കൊച്ചുകുട്ടികളോടോപ്പം അരമനയിൽ പോകുമായിരുന്നു. പിതാവിന്റെ സഹപാഠിയായ ബഹു. കുരീക്കാട്ടിൽ അച്ചനായിരുന്നു എന്റെ വികാരി. അദ്ദേഹം തന്നെ മരണമണിയടിക്കുന്നത് കണ്ട് ഞാൻ തിരക്കിയപ്പോൾ 'പിതാവ് മരിച്ച് പോയി' എന്ന് വിതുമ്പിക്കൊണ്ട് പറഞ്ഞത് ഞാൻ ഓർക്കുന്നു. ഞങ്ങൾ സംസ്കാര ശുശ്രൂഷക്കുപോയി. ഒരു ജനസാഗരമായിരുന്നു ചങ്ങനാശ്ശേരി. മേൽപറഞ്ഞവയിലെല്ലാം പിതാവിന്റെ സ്നേഹവും വാത്സല്യവും പരിഗണനയുമാണ് എനിക്ക് അനുഭവിക്കാൻ സാധിച്ചത്.

എങ്ങനെ ഇതൊക്കെ മറക്കാൻ കഴിയും? ആ മഹാത്മാവിനെ അൾത്താരയിൽ വണങ്ങാൻ താമസിയാതെ നമുക്ക് ഭാഗ്യം ലഭിക്കണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം.

# മറക്കാനാവാത്ത മധുരസ്മരണകൾ

ഫാ. ജോസഫ് നടുവിലേഴം



എന്റെ ജീവിതത്തിലെ മറക്കാനാവാത്ത വ്യക്തികളിൽ പ്രമുഖനാണ് ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവ്. 1959 ജൂൺ 26 ന് പാറേൽ മൈനർ സെമിനാരിയിൽ ചേരുന്നതിനുമുമ്പ് നടന്ന ഇന്റർവ്യൂവിലാണ് അഭിവന്ദ്യ പിതാവിനെ ആദ്യമായി പരിചയപ്പെടുന്നത്. അരമനയുടെ ഒന്നാം നിലയിലെ വരാന്തയിൽ നടന്നുകൊണ്ടാണ് പിതാവ് എന്നോട് ഓരോ കാര്യങ്ങൾ ചോദിച്ചറിഞ്ഞത്. സ്കൂളിൽ വെള്ളപ്പൊക്കകാലത്ത് പോകുമ്പോൾ വള്ളം മരത്തിൽ തുടലുകൊണ്ടു പൂട്ടി സൂക്ഷിച്ചതുവരെ പിതാവ് ചോദിച്ചറിഞ്ഞത് ഇന്നലെ പോലെ ഓർക്കുന്നു. ഇന്റർവ്യൂ വളരെ ഹൃദ്യമായിരുന്നു.

1968 ഡിസംബർ 18 നാണ് വടവാതൂർ സെമിനാരി ചാപ്പലിൽ വച്ച് ആദ്യബാച്ചുകാരായ ഞങ്ങൾ 33 പേർക്ക് തിരുപ്പട്ടം നൽകപ്പെട്ടത്. ചങ്ങനാശ്ശേരിക്കാരായ ഞങ്ങൾ ഏഴുപേർക്ക് അഭിവന്ദ്യ കാവുകാട്ടു പിതാവാണ് തിരുപ്പട്ടം നൽകിയത്. തിരുപ്പട്ടശുശ്രൂഷ കഴിഞ്ഞ് സെമിനാരിയുടെ മെയിൻ ബ്ലോക്കിന്റെ തെക്കേ പോർട്ടിക്കോയിൽ ഞങ്ങളോടൊപ്പം ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ അഭിവന്ദ്യ പിതാവ് വന്നു. ഞങ്ങളുടെ ആഗ്രഹപ്രകാരം ഓരോ അച്ചനും അഭിവന്ദ്യ പിതാവിന്റെ കൂടെനിന്ന് പ്രത്യേകം ഫോട്ടോ എടുക്കുവാൻ ക്ഷീണം വകവയ്ക്കാതെ അഭിവന്ദ്യ പിതാവ് കാണിച്ച സന്മനസ്സ് നന്ദിയോടെ ഓർക്കുന്നു.

1969 ജനുവരി മാസത്തിൽ ബ. സെബാസ്റ്റ്യൻ കാളാശ്ശേരി അച്ചനുമായി ചങ്ങനാശ്ശേരി CMC മൗണ്ട് കാർമ്മൽ കോൺവെന്റ് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുവേണ്ടി തലേദിവസം വൈകിട്ട് അരമനയിൽ വന്നു. അത്താഴവും പ്രാർത്ഥനയും കഴിഞ്ഞ് അഭിവന്ദ്യ പിതാവിന്റെ മുറിയുടെ അടുത്തുള്ള ഒരുമുറി ഞങ്ങൾക്ക് വിശ്രമിക്കാൻ തന്നു. അഭിവന്ദ്യ പിതാവ് തന്നെ ഒരു ജോഡി പായും തലയിണയും പുതപ്പും എടുത്ത് മുറിയിൽ എത്തിച്ചിട്ട് പറഞ്ഞു. 'ഈ മുറിയിൽ കട്ടിലൊന്നുമില്ല, കയറ്റുപായുടെ മീതെ പായ് വിരിച്ച് കിടന്ന് ഉറങ്ങിക്കൊള്ളുക.' പിതാവിന്റെ ആതിഥേയത്വവും പരിഗണനയും ഞങ്ങളെ ഏറെ സ്പർശിച്ചു.

കത്തീഡ്രലിൽ അസ്തേന്തിയായിരുന്നപ്പോൾ 1969 സെപ്റ്റംബർ 21 ന് വെട്ടിത്തുരുത്തിലും പറാലും വി. കുർബാന അർപ്പിച്ചതിനു ശേഷം തിരിച്ചെത്തി സൈക്കിളിൽ അരമനയിൽ വന്ന് അഭിവന്ദ്യ പിതാവിന് ഫീസ്റ്റിന്റെ മംഗളങ്ങൾ നേരാൻ വന്നത് ഓർമ്മിക്കുന്നു.. പല സ്ഥാപനങ്ങളിൽ നിന്നുവന്ന കൊച്ചുകുട്ടികൾ പാട്ടുപാടുകയും നൃത്തം ചെയ്യുകയും ചെയ്യുന്ന സമയം. എന്നെ കണ്ടപ്പോൾ പിതാവ് അടുത്തുവന്ന് മിഠായി തന്നിട്ട് പറഞ്ഞു. 'ഞായറാഴ്ചയായതിനാൽ അച്ചന് നല്ല തിരക്കു കാണുമല്ലോ.' പിതാവിന്റെ കൈമുത്തി മംഗളങ്ങൾ പറഞ്ഞിട്ട് ഞാൻ പോന്നു. സൺഡേ സ്കൂളിന്റെ ചാർജ്ജുണ്ടായിരുന്നതിനാൽ നേരത്തെ പള്ളിയിലെത്തണമായിരുന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ മറ്റുള്ളവരുടെ സാഹചര്യവും ആവശ്യവും അനുസരിച്ച് പെരുമാറാനും അവരോട് പരിഗണന കാണിക്കാനും അഭിവന്ദ്യപിതാവ് എപ്പോഴും ശ്രദ്ധിച്ചിരുന്നു. പരിഗണനയാണല്ലോ സ്നേഹത്തിന്റെ പ്രധാന ലക്ഷണം.

ദൈവദാസന്റെ നാമകരണ പ്രക്രിയയിൽ Episcopal Deligate ആയി 28 വർഷത്തോളം എന്റെ എളിയ സേവനം അർപ്പിക്കാൻ സാധിച്ചതിൽ അഭിമാനമുണ്ട്. 137 സാക്ഷികളുടെ മൊഴി എടുത്തതിൽ മെത്രാന്മാരും വൈദികരും സന്ന്യാസിനികളും അല്മായരും ഉണ്ടായിരുന്നു. ചോദ്യോത്തരവേളയിൽ അഭിവന്ദ്യ പിതാവിന്റെ കരുണയും സ്നേഹവും പരിഗണനയുമൊക്കെ കടന്നുവന്നപ്പോഴൊക്കെ സാക്ഷികളുടെ കണ്ണുകൾ സജലങ്ങളായിരുന്നത് ശ്രദ്ധിച്ചിട്ടുണ്ട്.

ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മാനുഷിക സുകൃതങ്ങളുടെയും ആൾരൂപമായിട്ടാണ് എല്ലാവരും അഭിവന്ദ്യ പിതാവിനെ കണ്ടിരുന്നത്. നമ്മുടെ പാണ്ഡിത്യത്തെക്കാളും വാക്ചാതുരിയെക്കാളും സാധാരണക്കാരെ സ്പർശിക്കുന്നത് ഈ സുകൃതങ്ങളാണ്. പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും അഭിവന്ദ്യ പിതാവ് ഹൃദയത്തിൽ ചലനമുണ്ടാക്കി പറഞ്ഞതെല്ലാം ഇന്നും ഹൃദയത്തിൽ സൂക്ഷിക്കുന്നു. പിതാവിന്റെ സ്നേഹവും പരിഗണനയും ഇന്നും അവിസ്മരണീയമായി നിലകൊള്ളുന്നു.

അഭിവന്ദ്യ പിതാവിന്റെ വേർപാട്, ആഘോഷമായ സംസ്കാരം, 41-ാം ദിനാചരണം ഇവക്കെല്ലാം സാക്ഷ്യം വഹിക്കാൻ ഇടയായതെല്ലാം വർഷങ്ങൾ കഴിഞ്ഞിട്ടും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. മെത്രാപ്പോലീത്തൻ ഇടവകബുള്ളറ്റിനിൽ ഈ ഓർമ്മക്കുറിപ്പ് എഴുതാൻ സാധിച്ചതിൽ സന്തോഷമുണ്ട്. കത്തീഡ്രൽ പള്ളിയിൽ പാരിഷ് ബുള്ളറ്റിൻ ആദ്യമായി അനുവദിച്ചത് 1969/70 ലാണ്. അന്ന് വികാരിയായിരുന്ന റവ. ഡോ. ലൂയിസ് നേര്യംപറമ്പിലാണ് (+19.02.1999) അതിനു ആരംഭം കുറിച്ചത്. അതുപോലെതന്നെ ആഘോഷമായ റംശാ (മലയാളത്തിൽ)ക്കും. ആദ്യമായി ചൊല്ലിയ റംശാ പ്രാർത്ഥനാവേളയിൽ homily (സുവിശേഷ പ്രസംഗം) പറഞ്ഞതും ഓർക്കുന്നു. 'ബ. നേര്യംപറമ്പിലച്ചന് ആദരാഞ്ജലികൾ.' ●

# സമാരാധ്യനായ
# കാവുകാട്ടു തിരുമേനി

**കിടങ്ങൂർ ഗോപാലകൃഷ്ണപിള്ള**
(1979 ഒക്ടോബർ 9 ന് ദീപക ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം)

സമാരാധ്യനായ കാവുകാട്ടു തിരുമേനിയുടെ പത്താം ചരമവാർഷികം ആചരിക്കുന്ന ഈ ഘട്ടത്തിൽ സ്വാഭാവികമായും അദ്ദേഹത്തെപ്പറ്റി ഞാൻ ഓർമ്മിച്ചുപോവുകയാണ്. അദ്ദേഹം കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തിട്ട് പത്തുവർഷങ്ങളായെന്ന് വിശ്വസിക്കുവാൻ പോലും സാധിക്കുന്നില്ല. എങ്കിലും കഴിഞ്ഞ പത്തു വർഷങ്ങളായി അദ്ദേഹം നമ്മോടൊത്ത് ഇല്ലെന്നുള്ളതാണ് വസ്തുത. തന്റെ സുഹൃത്തുക്കളിലും സഹപ്രവർത്തകരിലും ആരാധകരിലും അനുയായികളിലും ഒട്ടേറെ മധുരസ്മരണകൾ അവശേഷിപ്പിച്ചിട്ട് അദ്ദേഹം ഈ ലോകത്തോട് എന്നന്നേയ്ക്കുമായി യാത്ര പറഞ്ഞ സംഭവം മനോവേദനയോടുകൂടിയല്ലാതെ ഓർമ്മിക്കുവാൻ സാധ്യമല്ല.

തിരുമേനിയുമായിട്ട് എനിക്ക് ബന്ധപ്പെടുവാനും വളരെ അടുത്ത് ഇടപഴകുവാനും ഇടവന്നത് അദ്ദേഹം സെന്റ് ബർക്കുമാൻസ് കോളേജിൽ അദ്ധ്യാപകനായിരുന്ന അവസരത്തിലാണ്. 1945-49 കാലഘട്ടങ്ങളിൽ ഞാൻ എസ്. ബി. കോളേജിൽ ഒരു വിദ്യാർത്ഥിയായിരുന്നു. ഒരു കാലത്ത് മറ്റുള്ളവരിൽ നിന്നും അകന്ന് ശാന്തഗംഭീരനായി എല്ലാവർക്കും സ്നേഹമസൃണമായ പുഞ്ചിരി സംഭാവന ചെയ്തുകൊണ്ട് കോളേജിന്റെ വരാന്തയിൽകൂടി നടന്നുപോകാറുണ്ടായിരുന്ന അദ്ദേഹത്തെ ഞാൻ ആദരവോടുകൂടിയാണ് വീക്ഷിച്ചിരുന്നത്. പിന്നീട് അദ്ദേഹം ഞാൻ താമസിച്ചിരുന്ന സെന്റ് തോമസ് ഹോസ്റ്റലിന്റെ വാർഡൻസ്ഥാനം ഏറ്റെടുത്തതുമുതലാണ് അദ്ദേഹത്തിന്റെ അക്ഷയമായ സ്നേഹവാത്സല്യങ്ങൾക്ക് ഞാനും പാത്രീഭൂതനായത്. ഏതാണ്ട് നൂറോളം വിദ്യാർത്ഥികൾ താമസിച്ചിരുന്ന ഹോസ്റ്റലായിരുന്നു സെന്റ് തോമസ് ഹോസ്റ്റൽ. അതിനു മുമ്പുണ്ടായിരുന്ന വാർഡന്മാരിൽ നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു ഞങ്ങളുടെ പുതിയ വാർഡനായിരുന്ന കാവുകാട്ടച്ചൻ. ഏതാനും ദിവസങ്ങൾകൊണ്ട് ആ ഹോസ്റ്റലിലെ എല്ലാ അന്തേവാസികളെയും തന്നിലേക്കാകർഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ഹോസ്റ്റലിൽ അച്ചടക്കത്തിന്റെ പ്രശ്നമേ ഉണ്ടായിരുന്നില്ല. കുറ്റകൃത്യങ്ങൾക്ക് ആരെയെങ്കിലും അദ്ദേഹം ശിക്ഷിച്ചതായി ഞാൻ ഓർ

ക്കുന്നില്ല. അതിനു പ്രധാനമായ കാരണം അദ്ദേഹത്തിന്റെ അനിതര സാധാരണമായ വ്യക്തിപ്രഭാവവും അളവില്ലാത്ത സ്നേഹവുമായി രുന്നു. അദ്ദേഹം ഞങ്ങളെ ഭരിച്ചിരുന്നു എന്ന് തോന്നാത്തവണ്ണം ഞങ്ങളെ സ്വാധീനിച്ചിരുന്നു എന്നതാണ് സത്യം.

ഹോസ്റ്റലിൽ കയ്യെഴുത്തു മാസിക ആരംഭിക്കുന്നതിനും എല്ലാ ഞായറാഴ്ചകളിലും സാഹിത്യസമ്മേളനങ്ങൾ, ചർച്ചാക്ലാസ്സുകൾ, പ്രസംഗങ്ങൾ മുതലായവ കൃത്യമായി നടത്തുന്നതിനും കോളേജ് ദിനാഘോഷം അതിഗംഭീരമായി നടത്തുന്നതിനും ഞങ്ങൾക്ക് പ്രേരണയും പ്രചോദനവും പ്രോത്സാഹനവും നൽകിയിരുന്നത് കാവുകാട്ടച്ചനായിരുന്നു. ഇവയിലെല്ലാം അദ്ദേഹം ഞങ്ങളോടൊപ്പം പങ്കാളിയായിരുന്നുവെന്നതാണ് മറ്റൊരു സവിശേഷത. അന്ന് ഇതര ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് സെന്റ് തോമസിലെ വിദ്യർത്ഥികളോട് ഒരുമാതിരി അസൂയ തോന്നിയിരുന്നു എന്നതും ഇത്തരുണത്തിൽ ഞാൻ ഓർക്കുകയാണ്. അദ്ദേഹത്തിന്റെ സ്നേഹവചനങ്ങളും ഉപദേശങ്ങളും എന്നെ വളരെ ധന്യനാക്കിയിട്ടുണ്ട് സാഹിതീപരമായ താല്പര്യമുണ്ടായിരുന്ന എന്നെ വളരെ പ്രസംഗിക്കുവാനും എഴുതുവാനും പ്രേരിപ്പിച്ചത് അദ്ദേഹമായിരുന്നു. അദ്ദേഹം മേൽനോട്ടം വഹിച്ചിരുന്ന ഹോസ്റ്റലിൽ താമസിക്കുകയെന്നത് സുഖകരമായ ഒരു അനുഭൂതിതന്നെയായിരുന്നു.

ഞാൻ കോളേജിൽനിന്നും പഠനം പൂർത്തിയാക്കി പിരിഞ്ഞതിനുശേഷമാണ് കാവുകാട്ടച്ചൻ ചങ്ങനാശ്ശേരി അതിരൂപതയുടെ മേലദ്ധ്യക്ഷനായത്. ആ ഉന്നതപദം അലങ്കരിക്കുവാൻ അദ്ദേഹം അർഹനായിരുന്നു എന്നതിന് തർക്കമില്ല. ഞാൻ നായർസർവ്വീസ് സൊസൈറ്റിയുടെ സെക്രട്ടറി സ്ഥാനം ഏറ്റെടുത്തതിനുശേഷം കാവുകാട്ടുതിരുമേനിയുടെ അനുഗ്രഹം വാങ്ങിക്കുവാൻ അരമനയിൽ പോയ രംഗം ഇപ്പോഴും ഓർമ്മിക്കുന്നു. തന്റെ പൂർവ്വശിഷ്യനെ കണ്ട് ആനന്ദാശ്രുക്കൾ പൊഴിച്ച് ആശ്ലേഷിച്ചനുഗ്രഹിച്ച് അയച്ച തിരുമേനിയുടെ മുമ്പിൽ നമ്രശിരസ്കനായി നിൽക്കാനല്ലാതെ മറ്റൊന്നിനും എനിക്ക് കഴിഞ്ഞില്ല. പിന്നീട് പല അവസരങ്ങളിലും ആദ്ദേഹത്തോടൊത്ത് പല സമ്മേളനങ്ങളിൽ പങ്കെടുക്കുവാനുള്ള ഭാഗ്യവും എനിക്കുണ്ടായിട്ടുണ്ട്.

കാവുകാട്ടുതിരുമേനി ഒരു അതിമാനുഷനായിരുന്നു. ആഴമേറിയ ഒരു മഹാസമുദ്രമായിരുന്നു അദ്ദേഹം. ഏറ്റവും വിനീതനായി എല്ലാവരെയും തന്റെ സ്നേഹത്താൽ ആകർഷിച്ച് സാധാരണക്കാരന്റെയും പട്ടിണിപ്പാവങ്ങളുടെയും വേദനകളും കഷ്ടപ്പാടുകളും മനസ്സിലാക്കി ദീനാനുകമ്പയോടുകൂടി ജീവിതം നയിച്ച പരമമസാത്വികനായിരുന്നു കാവുകാട്ടു തിരുമേനി. ഏതുപ്രശ്നത്തിനും നിഷ്പക്ഷമായും



സമചിത്തതയോടുകൂടിയും തീരുമാനങ്ങളെടുക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായിരുന്നു.

പ്രൈവറ്റ് കോളേജുകളെ സംബന്ധിച്ചും ഗവണ്മെന്റിന്റെ നിരുത്സാഹപ്രദമായ പ്രവണതകളെ സംബന്ധിച്ചും, അദ്ധ്യാപക പ്രശ്നത്തെ സംബന്ധിച്ചുമൊക്കെ പ്രൈവറ്റ് കോളേജ് മാനേജുമെന്റ് അസോസിയേഷൻ പ്രസിഡണ്ട് എന്ന നിലയിൽ എനിക്കു തിരുമേനിയെ പല സന്ദർഭങ്ങളിൽ കാണേണ്ടി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ അനർഘമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും അക്കാലത്ത് വളരെയധികം പ്രയോജനകരവും ഫലപ്രദവുമായിരുന്നുവെന്ന് എടുത്തു പറയേണ്ടതുണ്ട്. തന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ആത്മീയ പരിവേഷം നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ജാതിമത ചിന്തകൾക്കതീതമായി എല്ലാ മനുഷ്യരെയും സ്നേഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. സാമുദായിക സൗഹാർദ്ധത്തിന്റെ മഹനീയ പ്രതീകമായിരുന്നു കാവുകാട്ടുതിരുമേനി. നായർ സർവ്വീസ് സൊസൈറ്റിയുടെ ഉയർച്ചയിലും വളർച്ചയിലും തിരുമേനി വളരെയധികം താല്പര്യം പ്രകടിപ്പിച്ചിരുന്നു എന്നത് എല്ലാവർക്കുമറിയാം. നായർ സർവ്വീസ് സൊസൈറ്റിയുടെ പ്രധാനപ്പെട്ട എല്ലാ പരിപാടികളിലും തിരുമേനിയുടെ സാന്നിദ്ധ്യം ഉണ്ടാകാറുണ്ടായിരുന്നു. അഭിവന്ദ്യനായ ശ്രീ മന്നത്തു പത്മനാഭനുമായി തിരുമേനി പുലർത്തിയിരുന്ന സൗഹൃദബന്ധം സുദൃഢവും ആത്മാർത്ഥത നിറഞ്ഞതുമായിരുന്നു. ശ്രീ മന്നത്തു പത്മനാഭൻ മരണാസന്നനായി രോഗശയ്യയിൽ കിടന്നിരുന്ന അവസരത്തിൽ തിരുമേനി ഒന്നിലധികം പ്രാവശ്യം രോഗശയ്യയിൽ വന്ന രോഗിയ്ക്ക് ആശ്വാസം നൽകുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ധാരാളം വായിക്കാറുണ്ടായിരുന്ന അദ്ദേഹം വിവിധവിഷയങ്ങളിൽ അവഗാഹം നേടിയ ഒരു പണ്ഡിതനായിരുന്നു. പറയേണ്ട കാര്യങ്ങൾ ലളിതമായും ഭംഗിയായും ആത്മാർത്ഥമായി ആവിഷ്കരിക്കുവാൻ കഴിഞ്ഞ ഒരു തികഞ്ഞ വാഗ്മിയുമായിരുന്നു അദ്ദേഹം. പ്രാർത്ഥനാനിരതമായ ഒരു കർമ്മജീവിതമായിരുന്നു തിരുമേനിക്കുണ്ടായിരുന്നത്. എല്ലാവരെയും സമഭാവനയോടുകൂടി കാണുവാനും സ്നേഹിക്കുവാനും മറ്റുള്ളവരുടെ സ്നേഹം അനായാസമായി സമ്പാദിക്കുവാനും തിരുമേനിക്കു സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ തിരോധാനം ആകസ്മികവും വേദനാജനകവുമായിരുന്നു. അവസാനനിമിഷം വരെ കർമ്മനിരതമായ ജീവിതം അദ്ദേഹം നയിച്ചു. ആ പുണ്യശ്ളോകനെക്കുറിച്ചുള്ള മധുരസ്മരണകളുടെ മുമ്പിൽ ഈ വിനീതശിഷ്യൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ●



# അപൂർവ്വരിൽ അപൂർവ്വൻ

**സി. വത്സമ്മ ജോസഫ് OMMI**
(Retd. Principal, Govt. HSS, Paippad)



**അ**മ്മയുടെ ഉദരത്തിൽ ഉരുവായ നിമിഷം മുതൽ ഭൂമിദേവിയുടെ ഉദരത്തിൽ എത്തും വരെയുള്ള ചാക്കപ്പന്റെ ജീവിതത്തിലെ ചില പ്രത്യേകതകൾ രേഖപ്പെടുത്തുകയാണ്. ഈ 'അപൂർവ്വറിൽ അപൂർവ്വൻ' എന്ന ഓർമ്മക്കുറിപ്പിൽ. സമാന ഇരട്ടസഹോദരന്മാരിലൊരുവനായിരുന്നെങ്കിലും, അതിലും ഉണ്ടായി ഒരു അപൂർവ്വത്വം.

ചങ്ങനാശ്ശേരിയിലെ ഒരു പുരാതന കത്തോലിക്കാ കുടുംബമായ കണ്ണമ്പുഴയിൽ കെ.ജെ. വർക്കിയുടെയും (കുഞ്ഞച്ചൻ) മറിയക്കുട്ടിയുടെയും മകനായി ജെയിംസ് കെ. ജോർജ്ജ് എന്ന ചാക്കപ്പന്റെ ജനനം 04-09-1956 ൽ, തന്റെ ഓട്ടം പൂർത്തിയാക്കി, സ്വർഗ്ഗസമ്മാനത്തിനായുള്ള യാത്ര 04-08-2021 ൽ.

മാതാപിതാക്കളും രണ്ടാൺമക്കളും രണ്ടു പെണ്മക്കളുമടങ്ങുന്ന ആ കുടുംബം, ഭൂമിശാസ്ത്രപരമായും ആത്മീയപരമായും താമസിച്ചിരുന്നത്, പള്ളിയോടടുത്ത്. പള്ളിയേയും പള്ളിയുടെ എല്ലാവിധ സ്വത്തുക്കളേയും പ്രസ്ഥാനങ്ങളെയും, ഇവിടെ സേവനം അനുഷ്ഠിക്കുന്ന ബഹു വൈദികരെയും സമർപ്പിതരെയും സ്വന്തംപോലെ കരുതിയ കുടുംബം. ബൈബിൾ, കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം തുടങ്ങിയവ ആധികാരികമായി പഠിച്ച്, ജീവിച്ച് സംസാരിക്കുന്ന വ്യക്തികൾ, പ്രശസ്ത സാമൂഹികപ്രവർത്തകനായ ഫാ. ജോസഫ് SJ, സി. ഡൊളോറസ് MMS തുടങ്ങിയവർക്ക് ജന്മം കൊടുത്ത തറവാട്. ചങ്ങനാശ്ശേരി വലിയപള്ളിയുടെ നിർമ്മാണം മുതൽ ഇങ്ങോട്ടുള്ള പള്ളിക്കാര്യങ്ങളിൽ ആളുകൊണ്ടും അർഥം കൊണ്ടും സഹായ

മനുഷ്ഠിച്ചവർ. കത്തീഡ്രൽ പള്ളിയുടെ അൾത്താരയുടെ മുമ്പിലുള്ള വലിയ നിലവിളക്ക്, ചാക്കപ്പന്റെ പിതാവിന്റെ സംഭാവന, ബേമ്മ (തേക്കിൻതടിയിൽ തീർത്തത്) ചാക്കപ്പന്റെ സംഭാവന.

പൗരാണികതയും ശില്പചാരുതയും അഭംഗുരം കാത്തുസൂക്ഷിക്കപ്പെട്ടു പോരുന്ന വീട്. ജാതിയും, ഗ്രാമ്പുവും, പലതരം ഫലവൃക്ഷങ്ങളും മനോഹാരിത വർദ്ധിപ്പിക്കുന്ന ചുറ്റുപാടുകൾ. ഔദ്യോഗിക പഠനം കൊണ്ടല്ലാതെ ജന്മവാസന കൊണ്ടും, സ്വന്തം കഴിവുകൊണ്ടും ആർജ്ജിച്ചെടുത്ത ശില്പകലാവൈദഗ്ധ്യം.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെയും ഭൗതിക ശരീരം അടങ്ങിയ പേടകം വയ്ക്കുവാൻ തന്റെ വീട്ടിലുണ്ടായിരുന്ന, ഈട്ടിയിൽ തീർത്ത മേശ, പള്ളിക്കു വിട്ടുകൊടുക്കുവാൻതക്ക ഔദാര്യമുള്ള കുടുംബത്തിലെ അംഗം.

യുവദീപ്തിയുടെ ആദ്യകാലസംഘാടകനായും, കൈക്കാരനായും, പാരീഷ് കൗൺസിൽ അംഗമായും, ചങ്ങനാശ്ശേരി താലൂക്ക് വ്യാപാരിവ്യവസായി സഹകരണസംഘം ഡയറക്ടർ ബോർഡ് അംഗമായും ചാക്കപ്പൻ ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ സ്ഥാനപ്പേരുകൾക്കതീതമായി പ്രവർത്തിച്ച കർമ്മയോഗി.

കുടുംബ പാരമ്പര്യവും കുലീനതയും, ആത്മാർത്ഥതയും, സത്യസന്ധതയും, ദൈവവിശ്വാസവും, ശാന്തതയും, സേവനതല്പരതയും, പുഞ്ചിരിക്കുന്ന മുഖവും ഒത്തുചേർന്ന ആൾരൂപം. ശാരീരിക ഉയരംപോലെ സ്വഭാവത്തിലും ഔന്നത്യം. നീതിക്കും സത്യത്തിനും വേണ്ടി ഏതറ്റം വരെയും പോകാനുള്ള നിശ്ചയദാർഢ്യം. സ്വന്തം കാര്യത്തിലും ക്ളീൻചിറ്റ് നേടിയെടുത്തതിനുശേഷമുള്ള കടന്നുപോകൽ.

തന്റെ നിലപാടുകൾ, ആരോടും എവിടെയും, കാര്യകാരണസഹിതം തുറന്നുപറയാനുള്ള ധൈര്യം. പാവങ്ങളോടും അവശതയനുഭവിക്കുന്നവരോടും പക്ഷംചേരുന്ന ഒരു വലിയ മനസ്സിന്റെ ഉടമ. നാളയെപ്പറ്റി വ്യഗ്രതയില്ലായ്മ, ആധികാരികമായ രേഖകളും വസ്തുക്കളും സൂക്ഷിക്കുന്ന, ഓർമ്മിക്കുന്ന സ്വഭാവം പ്രത്യേകിച്ച് പള്ളിയുടെ ചരിത്രം. കീഴ്വഴക്കങ്ങൾ, കൊത്തുപണികൾ, താളിയോലഗ്രന്ഥങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള അറിവ്.

സ്വന്തം ഭവനത്തിന്റെ വിശാലമായ സൗകര്യങ്ങൾ, അർഹതയുള്ളവർക്ക്, ഭാവി ഭവിഷ്യത്തിനെപ്പറ്റി ചിന്തിക്കാതെ വിട്ടുകൊടുത്തുകൊണ്ട് സുവിശേഷമൂല്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയ ക്രിസ്തു ശിഷ്യൻ.

ചങ്ങനാശ്ശേരി പള്ളി പരിസരത്തുള്ള ഓരോ മണൽത്തരിയും ചാക്ക

പ്പന്റെ പാദസ്പർശമേറ്റതാണ്. വി. ഗ്രന്ഥത്തിലെ ഹഗ്ഗായിയുടെ പുസ്തകവും ചാക്കപ്പന്റെ ജീവിതവും തമ്മിൽ ഏറെ ബന്ധമുണ്ട്. പുനരുദ്ധരിച്ച വ്യാകുലമാതാവിന്റെ കൊച്ചുപള്ളി, ചാക്കപ്പന്റെ ഓർമ്മയുംകൂടി നിലനിർത്തുന്ന ഒരു ആലയമാണ്. രാവും പകലും ഊണും ഉറക്കവുമില്ലാതെ അദ്ധ്വാനിച്ചതിന്റെ ഫലമായി അവിടെ ആലേഖനം ചെയ്തിരുന്ന പുരാതന സ്ലീവാകളുടെ തനിമ നിലനിർത്തി; നസ്രാണി ശില്പകലകൾക്ക് കൂടുതൽ തെളിമയും ഭംഗിയും വരുത്തി. കൂടാതെ കേടുപാടുകൾ അനുഭവിച്ച സിമിത്തേരിപ്പള്ളിയുടെ പുനരുദ്ധാരണം, പാർക്കിംഗ് ഏരിയ വിശാലമാക്കൽ തുടങ്ങിയവയും ചാക്കപ്പന്റെ നേതൃത്വത്തിൽ സാധ്യമാക്കി. പ്രകൃതിസ്നേഹിയായ ചാക്കപ്പൻ സ്വന്തം കൈകൊണ്ട് വച്ചുപിടിപ്പിച്ച വൃക്ഷങ്ങളാണ് പള്ളിപരിസരത്തു നിൽക്കുന്നത്. അവയ്ക്കിടയിലൂടെ, താൻ ഏറെ സ്നേഹിച്ച, മോടിപിടിപ്പിച്ച നാല് പള്ളികളോടും യാത്രാമൊഴി ചൊല്ലി അന്ത്യവിശ്രമത്തിനായി, ചാക്കപ്പൻ കടന്നുപോയി - കത്തീഡ്രൽ പള്ളിയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയെപ്പറ്റി താൻ കണ്ട വലിയ സ്വപ്നങ്ങൾ മുഴുവൻ പൂർത്തീകരിക്കാൻ കഴിയാതെ... ഞാൻ വിജയം വരിച്ച് എന്റെ പിതാവിനോടൊത്ത് അവിടുത്തെ സിംഹാസനത്തിൽ ഇരിക്കുന്നപോലെ, വിജയം വരുന്നവനെ എന്നോടൊത്ത് എന്റെ സിംഹാസനത്തിൽ ഞാൻ ഇരുത്തും. (വെളി 3:21) എന്ന തിരുവെഴുത്ത് ചാക്കപ്പനെ സംബന്ധിച്ച് യാഥാർഥ്യമാകട്ടെ.

ഞങ്ങൾ (OMMI സമൂഹം) ചങ്ങനാശ്ശേരിയിൽ വരുവാൻ ആഗ്രഹിച്ചവരാണ് കണ്ണമ്പുഴ കുടുംബം. ആരംഭകാലത്തുള്ള ഞങ്ങളുടെ കനേഡിയൻസുമായി സംസാരിക്കുവാനും ഇഷ്ടഭക്ഷണങ്ങൾ തയ്യാറാക്കി കൊടുക്കുവാനും പോന്ന അറിവുണ്ടായിരുന്ന ചാക്കപ്പന്റെ അമ്മയും കുടുംബവും അവരുടെ ഉറ്റ സുഹൃത്തുക്കളായി. ആ ബന്ധം ഇന്നും തുടർന്നുകൊണ്ട് പോരുന്നു. ഞങ്ങളുടെ സന്തോഷങ്ങളും ദുഖങ്ങളുമൊക്കെ സ്വന്തം കുടുംബാംഗങ്ങളോട് പറയുന്നതുപോലെ പറയുകയും ആലോചന ചോദിക്കുകയും ചെയ്തിരുന്നു. ചാക്കപ്പന്റെ സ്നേഹവും, കരുതലും, ഉത്തരവാദിത്വബോധവും ഏറെ അനുഭവിക്കാൻ ഞങ്ങൾക്കു ഭാഗ്യം ലഭിച്ചു. പ്രത്യേകിച്ച് ഞങ്ങളുടെ സിസ്റ്റേഴ്സിന്റെ മരണത്തോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ഞങ്ങൾ ആഗ്രഹിച്ചതിലേറെ ഭംഗിയായി ചാക്കപ്പൻ നടത്തി തന്നിട്ടുണ്ട്.

ചാക്കപ്പന്റെ അപ്രതീക്ഷിതമായ ദേഹവിയോഗം ഞങ്ങൾക്ക് താങ്ങാവുന്നതിലപ്പുറമാണ്. അത് ഞങ്ങൾക്കെന്നും ഒരു വിടവായി തുടരും. ദൈവം എല്ലാം നന്മയ്ക്കായി ചെയ്യുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് ഹൃദയവ്യഥയോടെ ഈ വേർപാട് ഞങ്ങൾ സ്വീകരിക്കുന്നു.

## 'ഇടയനിൽ ഒരിടം'


സൺഡേസ്കൂൾ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ ഇടയനിൽ ഒരിടം...

ഈ പംക്തിയിലേക്ക് കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ക്ഷണിക്കുന്നു... കൂടുതൽ വിവരങ്ങൾക്ക് ചീഫ് എഡിറ്ററുമായി ബന്ധപ്പെടുക.





Stephen Soji Thundiyil



Juna Elizabeth Joseph



# ഇടവക വാർത്തകൾ

കോവിഡ്-19 ന്റെ ഈ കാലഘട്ടത്തിലും ഇടവകയുടെ അജപാലന പ്രവർത്തനങ്ങൾ സജീവമായി മുന്നേറുന്നു. ഇടവകജനത്തിന്റെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റി നൽകുന്നതിൽ ബഹു. വികാരിയച്ചനോട് ചേർന്ന് പ്രവർത്തിക്കാൻ മറ്റത്തിൽ ബഹു. മാത്യു മറ്റത്തിൽ അച്ചനും കൊച്ചച്ചന്മാരും പരിശ്രമിക്കുന്നുണ്ട്. ഇടദിവസങ്ങളിൽ മൂന്നും ഞായറാഴ്ചകളിൽ നാലും കുർബാനകൾ അർപ്പിക്കുന്നത്വഴി കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് പള്ളിയിൽ വരുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ബലിയർപ്പണം നടത്തപ്പെടുന്നു. വിശുദ്ധ കുമ്പസാരവും രോഗികൾക്കുള്ള വിശുദ്ധ കുർബാന സ്വീകരണവും ഇടവകാംഗങ്ങളുടെ ആവശ്യമനുസരിച്ച് നിർവഹിക്കുന്നു. കുരിശടികളിലെയും ഇടവക ദൈവാലയത്തിലെയും തിരുനാൾ ഭംഗിയായും ഭക്തിനിർഭരമായും ദൈവാനുഗ്രഹത്തിലും ആഘോഷിച്ചു. 80 കുട്ടികൾ ഈ വർഷം പല ഗ്രൂപ്പുകളായി ആഘോഷമായ കുർബാന സ്വീകരണം നടത്തി.

## പിതൃവേദി

പിതൃവേദി അതിന്റെ രണ്ടാം കുതിപ്പിലാണ്. പിതൃവേദി സെപ്റ്റംബർ മാസം അംഗത്വവിപുലീകരണമാസമായിട്ട് ആചരിച്ചു. ഏകദേശം 30-ഓളം പുതിയ അംഗങ്ങൾ ഈ സംഘടനയിൽ ചേർന്നു. കാലഘട്ടത്തിനനുസരിച്ച് കാലികപ്രസക്തമായ പരിപാടികൾ ഇടവകയിൽ ചെയ്തുകൊണ്ട് സംഘടന അതിന്റെ ചലനാത്മകത നിലനിർത്തുന്നു. ആഗസ്റ്റ് 3 ന് പെട്രോൾ, ഡീസൽ, പാചകവാതക വിലവർദ്ധനവിനെതിരെ ചങ്ങനാശ്ശേരി Post Office നുമുമ്പിൽ പ്രതിഷേധ ധർണ നടത്തിയത് സമൂഹത്തോടുള്ള പ്രതിബദ്ധതയ്ക്കു ഉദാഹരണമാണ്. ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഇടവകയിലെ വിമുക്ത ഭടന്മാരെ മെഡൽ നൽകി ആദരിച്ചു. അഭി. പെരുന്തോട്ടം



പിതാവിൽ നിന്ന് Brigadier മാരായ O.A. ജെയിംസ് ഒറ്റത്തെങ്ങിൽ, M.J. പ്രക്കാടൻ, Col. ജോഫി മാത്യൂസ് തൂമ്പുങ്കൽ, Lt. Col. ആൻ ജെയിംസ് ഞാലിയിൽ, പി.വി. വർഗ്ഗീസ് പുത്തൻപറമ്പിൽ, കെ. ഒ. ഫിലിപ്പോസ് കുരിശുമൂട്ടിൽ, തോമസ് ആന്റണി വാഴപ്പാടം, കെ. റ്റി. സെബാസ്റ്റ്യൻ കൊല്ലമന, തോമസ് എബ്രഹാം ചക്കുപുരയ്ക്കൽ, ഇന്നാസ് എൻ. ജെ., ജോസഫ് കെ. ജെ. കോട്ടയ്ക്കൽ, തോമസ് തങ്കച്ചൻ കിഴക്കേപറമ്പിൽ, മാത്യു കെ.കെ. കടവിൽ, സെബാസ്റ്റ്യൻ പടനിലം, ജോസഫ് തോമസ് ചെട്ടിക്കാട്, കെ.ജെ. ജോസഫ് കടുകപ്പറമ്പിൽ, ജോസഫ് തോമസ് കന്യാകോണിൽ, കെ.എം. ജോസഫ് കുരിശിങ്കൽപറമ്പിൽ, ജെയിംസ് എൻ. ജെ. ഞാലിയിൽ എന്നിവർ വിശിഷ്ടസേവനത്തിനുള്ള ഇടവകയുടെ ആദരവ് ഏറ്റുവാങ്ങി. ബഹു ജോസ് കൊച്ചുപറമ്പിൽ അധ്യക്ഷനായിരുന്നു.

സെപ്റ്റംബർ 26 ന് Merit day നടത്തി, പിതൃവേദി അംഗങ്ങളുടെ മക്കളിൽ 10 ലും 12 ലും ഉന്നതവിജയം കരസ്ഥമാക്കിയവരെ അഭിനന്ദിച്ച് സമ്മാനങ്ങൾ നൽകി. 30-ാം വാർഡ് കൗൺസിലറും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി ക്ഷേമവകുപ്പ് ചെയർപേഴ്സണും ആയ ശ്രീമതി ബീന ജോബി തൂമ്പുങ്കലിനെ മുനിസിപ്പാലിറ്റിക്ക് നൽകുന്ന സേവനങ്ങളെപ്രതി പൊന്നാട നൽകി ആദരിച്ചു. പാലാ രൂപതയുടെ അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് യോഗം സംസാരിച്ചു. തുടർന്ന് അഭി. പിതാവിന് ചങ്ങനാശേരി പിതൃവേദിയുടെ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. ഇടവകയിലെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ, ഉദാ. പള്ളിയും പരിസരവും വൃത്തിയാക്കൽ, ദൈനംദിനപ്രവൃത്തികളിൽ സഹായിക്കൽ എന്നിവകളിൽ ആവശ്യാനുസരണം സജീവമായി പങ്കെടുത്തുകൊണ്ട് ഇടവകയോട് ചേർന്ന് സജീവമായി സംഘടന പ്രവർത്തിക്കുന്നു. ബഹു. സിന്നിച്ചൻ ചക്കുപുരയ്ക്കലിന്റെ നേതൃത്വത്തിലാണ് സംഘടനാപ്രവർത്തനം നടത്തുന്നത്.

## മാതൃവേദി സംഘടന

41 വർഷങ്ങൾക്ക് മുമ്പ് ചങ്ങനാശേരി ഫൊറോനായിൽ (മനയ്ക്കച്ചിറ) തുടക്കം കുറിച്ച് ഈ സംഘടന ഈ ഇടവകയിൽ പ്രവർത്തിക്കുന്നു. 35-ഓളം അംഗങ്ങൾ ഉള്ള കത്തീഡ്രൽ മാതൃവേദിയിൽ അംഗത്വവിപുലീകരണം വഴി 5-ഓളം അംഗങ്ങൾ കൂടി ചേർന്ന് സംഘടനയുടെ അംഗത്വം 40 ലേക്ക് ഉയർത്തി. ഇടവകയുടെ ഓരോ പ്രവർത്തനങ്ങളിലും സജീവത്വം നിലനിർത്താൻ മാതൃവേദിക്ക് സാധിക്കുന്നുണ്ട്. ബഹു. കുന്നിപ്പറമ്പിൽ സേവ്യർ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ക്രമീകരണങ്ങൾക്കുവേണ്ടി ശ്രദ്ധയാർന്ന ശുശ്രൂഷകൾ നിർവഹിച്ചു. ആഗസ്റ്റ് 15 ന് മാതാവിന്റെ സ്വർഗ്ഗാരോപ

ണങ്ങളോടനുബന്ധിച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ Tabloo Competition ൽ മനോഹരമായ സ്വർഗ്ഗാരോപണ ചിത്രീകരണ ത്തിലൂടെ 1-ാം സമ്മാനത്തിന് അർഹമായി. ഏകദേശം 2 വർഷമാ യിട്ട് അടഞ്ഞുകിടന്നിരുന്ന മാതൃവേദിയുടെ അടുക്കളശാല എക്സി ക്യൂട്ടീവ് അംഗങ്ങളുടെ ശ്രമഫലമായി വൃത്തിയാക്കി. സെപ്റ്റംബർ 20ന് മാതൃവേദിയുടെ ജന്മദിനത്തിൽ പതാക ഉയർത്തിയും വിവിധ കർമ്മപരിപാടികൾ ആവിഷ്കരിച്ചും മാതൃവേദിയുടെ 41-ാം പിറ ന്നാൾ ആഘോഷിച്ചു.

## ഇടവക യൂത്ത് ഇയർ മെമ്മോറിയൽ ലൈബ്രറി & മീഡിയ റൂം

ഐക്യരാഷ്ട്രസഭ യുവജനവർഷമായി പ്രഖ്യാപിച്ച 1985 - ൽ ആരംഭം കുറിച്ച ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിലെ യൂത്ത് ഇയർ മെമ്മോറിയൽ ലൈബ്രറിയുടെ നവീ കരിച്ച റീഡിംഗ് റൂമിന്റെയും പുസ്തകശാലയുടെയും ഉദ്ഘാടനം കത്തീഡ്രൽ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ നിർവ്വഹി ച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ഡയറക്ടർ ഫാ. സജേഷ് ഇളം തുരുത്തിയിൽ, ഫാ. അലൻ വെട്ടുകുഴി, ഫാ. റ്റോം മാളിയേക്കൽ, കൈക്കാരന്മാരായ ജോർജുകുട്ടി വാരണത്ത്, ജോണി കണ്ടങ്കരി, വിന്നി കല്ലൂക്കളം, ലൈബ്രറി സെക്രട്ടറി ജോഷി വള്ളപ്പുര, ജോബി തൂമ്പുങ്കൽ, ലെനിൻ കുട്ടമ്പേരൂർ, ജിജി മുളക്കൽ, ബാബു അയ്യരുകു ളങ്ങര, ജിജി കോട്ടക്കൽ, റോബിൻ കടന്തോട്, ജിജൻ പുല്ലംപ്ലാവിൽ, കാർമ്മൽ പാമ്പൂട്ടിത്തറ എന്നിവർ പ്രസംഗിച്ചു.

വിവിധ ശാഖകളിലായി റഫറൻസ് ഗ്രന്ഥമുൾപ്പടെ 6000-ൽ പരം പുസ്തകങ്ങളടങ്ങിയ പുസ്തകശേഖരവും നമ്മുടെ ലൈബ്രറിയിലു ണ്ട്. കൂടാതെ ഇംഗ്ലീഷ്, മലയാളം ദിനപത്രങ്ങളും വായനശാലയിൽ ക്രമീകരിച്ചിരിക്കുന്നു.

എല്ലാ ദിവസവും വൈകുന്നേരം 6 മണിമുതൽ 9 മണിവരെ വാ യനശാല ഉപയോഗിക്കുവാനും കൂടാതെ എല്ലാ പ്രവൃത്തിദിവസ ങ്ങളിലും പുസ്തകങ്ങൾ എടുക്കുവാനും കൊടുക്കുവാനുമുള്ള സൗകര്യമുണ്ട്. പുതുതായി ലൈബ്രറി അംഗത്വം എടുക്കുന്നവർക്ക്, അതിനായി ലൈബ്രറി സെക്രട്ടറിയേയോ കമ്മിറ്റി അംഗങ്ങളെയോ ബന്ധപ്പെട്ടാൽ അതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മു ടെ ലൈബ്രറിയുടെ പരമാവധി പ്രയോജനപ്പെടുത്താൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

# 2021 ജൂൺ - സെപ്റ്റംബർ മാസങ്ങളിൽ നമ്മുടെ ഇടവകയിൽ ചെയ്തിരിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 1. | ചികിത്സാസഹായം | 2,22,000.00 |
| 2. | കിടപ്പുരോഗികൾക്കു (9 പേർക്ക്) മാസംതോറും മരുന്നിനായി | 40,000.00 |
| 3. | കാവുകാട്ട് ഭവനനിർമ്മാണം | 6,35,000.00 |
| 4. | വിവാഹസഹായം | 1,15,000.00 |
| 5. | വിദ്യാഭ്യാസസഹായം | 60,000.00 |
| 6. | മൃതദേഹസംസ്കാരസഹായം | 4,500.00 |
| | **ആകെ** | **10,76,500.00** |

## ജീവൻ സംരക്ഷണദിനാചരണം

20 ആഴ്ച വരെയുള്ള ഗർഭസ്ഥശിശുവിനെ ഇന്ത്യയിൽ നിയമപരമായി നശിപ്പിക്കുവാൻ അനുവദിക്കുന്ന MTP ആക്റ്റ് നിലവിൽ വന്നതിന്റെ 50-ാം വാർഷിക ദിനമായ ആഗസ്റ്റ് 10 ന് ജീവൻ സംരക്ഷണദിനമായി ആചരിക്കുവാൻ ഭാരതസഭ ആഹ്വാനം ചെയ്യുകയുണ്ടായി. ജീവനുള്ള ആദരസൂചകമായി അന്നേദിവസം പ്രാർത്ഥനയിലും ഉപവാസത്തിലും പ്രൊലൈഫ് പ്രവർത്തകർ കഴിയുകയുണ്ടായി.

ഇതിന്റെ ഭാഗമായി കത്തീഡ്രൽ പ്രൊലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 10 ന് രാവിലെ ഗർഭച്ഛിദ്രത്തിലൂടെ നശിപ്പിക്കപ്പെട്ട കുഞ്ഞുങ്ങളെ അനുസ്മരിച്ച് വി. കുർബാനയും തുടർന്ന് പള്ളി അങ്കണത്തിൽ സ്ഥാപിച്ചിരിക്കുന്ന അജാതശിശുക്കളുടെ സ്മാരകത്തിൽ പുഷ്പാർച്ചനയും മെഴുതിരിനാളവും തെളിച്ച് വിശ്വാസി സമൂഹം പ്രാർത്ഥനയും നടത്തി. ചടങ്ങുകൾക്ക് വികാരി റവ. ഡോ.



ജോസ് കൊച്ചുപറമ്പിൽ, ഫാ. തോമസ് മാളിയേക്കൽ (ഇടവക പ്രൊ ലൈഫ് ഇൻചാർജ്), ഫാ. ജോസഫ് ഇളംതുരുത്തിയിൽ, പ്രിൻസ് ചക്കാല (ഇടവക കോർഡിനേറ്റർ, സിസ്റ്റർ വത്സമ്മ (OMMI), സിന്നി ച്ചൻ ചക്കുപുരയ്ക്കൽ, ജെസ്സി ചക്കുപുരയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**പ്രിൻസ് സെബാസ്റ്റ്യൻ ചക്കാലയിൽ**

## സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി

1938-ൽ സ്ഥാപിതമായ കത്തീഡ്രൽ കോൺഫറൻസിൽ ഇപ്പോൾ 17 അംഗങ്ങളും 90 സഹായകാംഗങ്ങളുമാണുള്ളത്. കോവിഡ് മഹാമാരി ആയതിനാൽ ഓൺലൈൻ കൂടിച്ചേരലുകളും സാമൂഹ്യഅകലം പാലി ച്ചുള്ള ഞായറാഴ്ച യോഗങ്ങളും സംഘടിപ്പിച്ച് പ്രവർത്തിക്കുന്നു.

സെപ്റ്റംബർ 9 ന് സൊസൈറ്റി സ്ഥാപകനായ വാ. ഫ്രഡറിക് ഓസാനാമിന്റെയും സെപ്റ്റംബർ 27ന് വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാൾ ദിനങ്ങളിൽ അംഗങ്ങൾ ഒരുമിച്ചെത്തി പരി. കുർബാന യിൽ പങ്കെടുത്ത് ദൈവത്തിനു നന്ദിപറഞ്ഞു. സെപ്റ്റംബർ 26 ന് നടന്ന കോൺഫറൻസ് യോഗത്തിൽ ബഹു. വികാരി ഡോ. ജോസ് കൊച്ചുപറമ്പിൽ തിരുനാൾ സന്ദേശം നല്കി.

ഈ സാമ്പത്തികവർഷം ഇതുവരെ സംഘം നടത്തിയ ജീവകാ രുണ്യപ്രവൃത്തികൾ താഴെപറയുന്നു.

| | |
|---|---|
| ഭവനനിർമാണം/നവീകരണം (4 കുടുംബങ്ങൾക്ക്) | 1,10,300 |
| ചികിത്സാസഹായം (9 കുടുംബങ്ങൾക്ക്) | 2,39,000 |
| 9 ദത്തുകുടുംബങ്ങൾക്ക് | 46,000 |
| 2 ദത്തുവിദ്യാർത്ഥികൾക്ക് | 7,000 |
| കുടുംബസഹായനിധി (തൊഴിലിനിടയിൽ അപകട മരണം സംഭവിച്ച 9 മക്കളുള്ള യുവാവിന്റെ കുടുംബം) | 25,000 |
| **ആകെ** | **4,27,300** |

ദത്തുകുടുംബങ്ങളിൽ 2 കുടുംബങ്ങളും ചികിത്സാസഹായം നൽകി യവരിൽ 1 കുടുംബവും അക്രൈസ്തവ സമുദായ അംഗങ്ങളാണെന്ന കാര്യം സൂചിപ്പിക്കട്ടെ.

പലിശരഹിത തൊഴിൽ വായ്പാപദ്ധതി പ്രകാരം 2500 രൂപ വരെ ചെറുകിട തൊഴിലുകൾക്ക് നൽകിവരുന്നു. ആഴ്ചയിൽ 50 രൂപ അവർ തിരിച്ചടച്ചാൽ മതിയാകും.

ഇക്കാലയളവിൽ നമ്മുടെ കോൺഫറൻസിന്റെ ഇടപെടലിലൂടെ ചിക്കാഗോ രൂപതയിലെ ബ്രോൺസ് ഇടവകയിലെ വിൻസെന്റ് ഡി പോൾ സംഘം ഇവിടുത്തെ ഒരു നിർധനകുടുംബത്തിന് ചികിത്സാ സഹായമായി 35000 രൂപ നല്കിയത് ഞങ്ങൾ നന്ദിപൂർവം സ്മരിക്കുന്നു.

മത്സരാധിഷ്ഠിതമായ തൊഴിൽമേഖലയിലേക്ക് കടന്നെത്തുവാൻ സാധുവിദ്യാർത്ഥികളെ സജ്ജരാക്കുന്ന പദ്ധതിയുടെ ഭാഗമായി ഇടവകയിലെ 6 കുടുംബങ്ങൾക്ക് സ്പോൺസേഴ്സ് വഴി ദീപിക ദിനപ്പത്രം 1 വർഷത്തേക്ക് എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. ഈ ജീവകാരുണ്യപ്രവൃത്തി ദീപികയ്ക്ക് ഒരു കൈത്താങ്ങാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

**ടോമിച്ചൻ അയ്യരുകുളങ്ങര** (സെക്രട്ടറി)

## Community Awareness and Rights Protection (CARP)
## ചങ്ങനാശ്ശേരി അതിരൂപത

സമുദായത്തെപ്പറ്റി പഠിച്ച്, അവയുടെ അവകാശസംരക്ഷണത്തിനായി ചങ്ങനാശ്ശേരി അതിരൂപത ആസ്ഥാനത്തു പ്രവർത്തനം ആരംഭിച്ചിരിക്കുന്ന പുതിയ വകുപ്പാണ് CARP. എല്ലാ ഇടവകകളിലും ഇതിന്റെ പ്രതിനിധികൾ ഇനി മുതൽ ഉണ്ടായിരിക്കും.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള സംവരണം (EWS) ന്യൂനപക്ഷസമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് JB കോശി കമ്മീഷന് നിവേദനം സമർപ്പിക്കുക തുടങ്ങിയ മേഖലകളിൽ ഈ ചുരുങ്ങിയ കാലം കൊണ്ട് CARP ന് ഫലപ്രദമായി പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

ന്യൂനപക്ഷ ക്ഷേമവകുപ്പു നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ വിശദവിവരങ്ങൾ ഇനി CARP ൽ നിന്നും ലഭ്യമാകുന്നതാണ്.

## പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

SSLC/THSLC/VSSE തലങ്ങളിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ ന്യൂനപക്ഷസമുദായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. BPL വിഭാഗത്തിൽപെടുന്നവരുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരെ വരുമാനമുള്ള APL കാരേയും പരിഗണിക്കും.

സ്കോളർഷിപ്പ് തുക : 10-,000 രൂപ
അവസാന തീയതി : 20.10.2021
www.minioritywelfare.kerala.gov.in

**NDUW (National Database on Unorganised Workers - തൊഴിൽ മന്ത്രാലയം, ഭാരതസർക്കാർ**

അസംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഭാവിയിൽ വിവിധ സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള NDUW ഫോട്ടോകാർഡ് എടുപ്പുവിതരണവും അക്ഷയകേന്ദ്രങ്ങൾവഴി 25-08-2021 മുതൽ ആരംഭിച്ചിരിക്കുന്നു.

വഴിയോരക്കച്ചവടക്കാർ, കർഷകർ, കർഷകത്തൊഴിലാളികൾ, ഓട്ടോ, ബസ്സ്, ചരക്കുവാഹനങ്ങൾ, എന്നിവയിലെ ഡ്രൈവർമാർ, ക്ളീനർ, പത്ര ഏജന്റുമാർ, നിർമ്മാണ തൊഴിലാളികൾ, ഹെഡ് ലോഡ് വർക്കർ, വീട്ടുജോലിക്കാർ, മത്സ്യതൊഴിലാളികൾ, വീടുകളിൽ സ്വകാര്യ ട്യൂഷൻ എടുക്കുന്നവർ, അംഗൻവാടി/ ആശാവർക്കർ /ടീച്ചർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പു പദ്ധതിയിലെ അംഗങ്ങൾ, തുടങ്ങി എല്ലാ മേഖലയിലെയും തൊഴിലാളികൾ ഈ കാർഡിന് യോഗ്യരാണ്.

നിലവിൽ PF/ESI ആനുകൂല്യങ്ങൾ ലഭിക്കാത്ത 16നും 59 നും ഇടയിൽ പ്രായമുള്ള എല്ലാ തൊഴിലാളികൾക്കും ഈ കാർഡ് സൗജന്യമായി ലഭിക്കുന്നതാണ്.

പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ തൊഴിലാളിക്കും പ്രധാന മന്ത്രി സുരക്ഷാഭീമയോജന വഴി ലഭ്യമാകുന്ന 2 ലക്ഷം രൂപയുടെ ഇൻഷുറൻസിൽ സൗജന്യമായി അംഗത്വം ലഭിക്കും. വിശദവിവരങ്ങൾക്ക് അടുത്തുള്ള അക്ഷയകേന്ദ്രം സന്ദർശിക്കുക.

**ന്യൂനപക്ഷ ധനകാര്യകോർപ്പറേഷൻ, (KSMDFC) ഓഫീസ് കോട്ടയം ജില്ലയിൽ അനുവദിച്ചു**

ന്യൂനപക്ഷങ്ങൾക്കു കുറഞ്ഞ പലിശയ്ക്കു വിദ്യാഭ്യാസ വായ്പ, ഭവനവായ്പ, സ്വയം തൊഴിൽ വായ്പ എന്നിവ നൽകിവരുന്നു. ന്യൂനപക്ഷധനകാര്യവികസന കോർപറേഷന്റെ (KSMDFC) ഒരു ബ്രാഞ്ച് ഓഫീസ് കോട്ടയം ജില്ലയിൽ അനുവദിച്ചിരിക്കുന്നു.

**പ്രീമെട്രിക് സ്കോളർഷിപ്പുകൾ**

1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള ന്യൂനപക്ഷകുട്ടികൾക്കുള്ള വിവിധ കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പുകൾക്ക് അപേക്ഷക്ഷണിച്ചിട്ടുണ്ട്. 1 ലക്ഷം രൂപ വരെ വരുമാനമുള്ള കുടുംബങ്ങളിലെ 2 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് യോഗ്യതയുണ്ട്. അവസാന തീയതി : 15-11-2021

National Scholarshiop Portal : www.scholarship.gov.in

CARP Co-ordinator (Prince Sebastian)





# ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ 52-ാം ചരമവാർഷികം

## തിരുക്കർമങ്ങൾ

**ഒക്ടോബർ 07 മുതൽ 09 വരെ**

### ഒക്ടോബർ 07 വ്യാഴം

- 4:00 pm ▸ ജപമാല
- 4:15 pm ▸ റംശാ
- 4:30 pm ▸ പരി. കുർബാന
  ചങ്ങനാശേരി അതിരൂപതാ നവവൈദികർ
- 5:30 pm ▸ കൺവെൻഷൻ
  വെരി. റവ. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി
  (ഡയറക്ടർ, ചാരിറ്റി വേൾഡ് ട്രസ്റ്റ്, ചീരഞ്ചിറ)
- 6:30 pm ▸ ദിവ്യകാരുണ്യ ആരാധന
  (SH കോൺവെന്റ് വാഴപ്പള്ളി SABS)

"കുടുംബം പുണ്യാഭ്യാസങ്ങളുടെ ആലയം"
(എഫേസൂസ് 4:23)

### ഒക്ടോബർ 08 വെള്ളി

- 4:00 pm ▸ ജപമാല
- 4:15 pm ▸ റംശാ
- 4:30 pm ▸ പരി. കുർബാന
  **മാർ തോമസ് തറയിൽ**
  (ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ)
- 5:30 pm ▸ കൺവെൻഷൻ
  വെരി. റവ. ഫാ. ജേക്കബ് വട്ടക്കാട്ട്
  (ഡയറക്ടർ സഞ്ജീവനി, നെടുംകുന്നം)
- 6:30 pm ▸ ദിവ്യകാരുണ്യ ആരാധന
  (ലിറ്റിൽ ഫ്ളവർ കോൺവെന്റ് വാഴപ്പള്ളി SABS)

"ക്രിസ്തീയ യുവത്വവും വെല്ലുവിളികളും"
(സങ്കീർത്തനം 119:9)

### ഒക്ടോബർ 09 ശനി

- 5:15 am ▸ പരി. കുർബാന
- 7:00 am ▸ പരി. കുർബാന
- 8:30 am ▸ പരി. കുർബാന
- 10.00 am ▸ പരി. കുർബാന
- 4.30 pm ▸ പുസ്തക പ്രകാശനം:
  **ചങ്ങനാശേരി അതിരൂപത ഇന്നലെ ഇന്ന്** Vol.III, Part-1
- 5:00 pm ▸ പരി. കുർബാന, സമാപന സന്ദേശം
  **മാർ ജോസഫ് പെരുന്തോട്ടം**
  (ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത)
- ▸ അനുഗ്രഹസന്ദേശം:
  **കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
  (സീറോമലബാർസഭ മേജർ ആർച്ച്ബിഷപ്പ്)



# ജലത്താലും ആത്മാവിനാലും

1. കാവാലം പുതുപ്പറമ്പ് ലിബു - ഡയാന മകൻ ജേക്കബ് - 01-07-21
2. ചെത്തിക്കാട് തോമസുകുട്ടി - ജാസ്മിൻ മകൾ ട്രീസാ - 02-07-21
3. താവളത്തിൽ റ്റിബിൻ - മരിയ മകൾ റോസ് - 10-07-21
4. കാഞ്ഞിക്കൽ പ്രായിക്കളം റ്റിനോ - അജിത മകൾ റോസ് - 22-07-21
5. മെതിക്കളം റ്റോണി - സാലു മകൻ തോമസ് - 25-07-21
6. തകിടിയേൽ ജോൺസൺ - നീനു മകൾ മേരി - 26-07-21
7. ചെച്ചോട്ട് ജോജി - രമ്യ മകൻ ജോസഫ് - 01-08-21
8. മൂലമുറി ബിനോ - ജെസമ്മ മകൻ തോമസ് - 19-08-21
9. കടേൽപറമ്പിൽ സന്തോഷ് - ഗീതു മകൻ വർഗീസ് - 11-09 -21
10. കുരിശുംമൂട്ടിൽ സിനു - റ്റിനു മകൻ ജോൺ - 26-09-21
11. കടേപ്പറമ്പിൽ ജോമോൻ - ബ്ലെറ്റി മകൾ അൽഫോൻസ - 29-09-21
12. ഇളംതുരുത്തിൽ ഫ്രാൻസിസ് - ശ്വേത മകൻ തോമസ് - 17-08-21
13. പാറക്കടവിൽ റ്റോമിൻ - അമല മകൾ അന്ന - 20-07-21
14. നെടുമുടി തോമസ് - അന്ന മകൻ വർഗീസ് - 29-07-21
15. കിഴക്കേക്കൂറ്റ് സെബി - ജോസ്ന മകൻ സെബാസ്റ്റ്യൻ - 02-08-21
16. ഗ്രീൻ ഹൗസ് അരുൺ - റോസിലിൻ മകൻ ഗീവർഗീസ് - 05-08-21
17. നെല്ലിത്താനത്ത് ടോണി - നൈജി മകൾ മരിയ - 15-08-21
18. കടവിൽ സ്കറിയ - അന്ന മകൻ തോമസ് - 22-08-21
19. ചേന്നാട്ടുശ്ശേരി ജെയിംസ് - നീതു മകൾ ആഗ്നസ് - 31-07-21

# ദൈവം യോജിപ്പിച്ചത്

1. ഈ ഇടവക കൊട്ടാരച്ചിറ സാബു - ഓമന മകൻ മനുവേലും ഈ ഇടവക പുതുപ്പറമ്പ് സാബു - ജോമോൾ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 30-06-2021
2. ഈ ഇടവക ഉമാപറമ്പിൽ പീറ്റർ - അമ്മിണി മകൻ ജോസഫും കൊഴുവനാൽപള്ളി ഇടവക അല്ലിപ്പള്ളിൽ തോമസ് - ഏലി മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 05-07-2021



3. ഈ ഇടവക കുന്നത്ത് മാത്തുക്കുട്ടി - എൽസമ്മ മകൻ ഗീവർഗീസും ചെത്തിപ്പുഴപള്ളി ഇടവക നെടുംപറമ്പിൽ ആന്റണി - കുഞ്ഞുമോൾ മകൾ മേരിയും തമ്മിലുള്ള വിവാഹം - 07-07-2021

4. ഈ ഇടവക ചിറമുഖത്ത് സോജൻ - വത്സമ്മ മകൻ ചെറിയാനും കരീപ്പുഴ ഇടവക ഉദയഗിരി ആന്റണി - മേരി മകൾ മൂൺമൂണും തമ്മിലുള്ള വിവാഹം - 15-07-2021

5. ഈ ഇടവക അട്ടിച്ചിറ ആന്റോ - ലാലി മകൻ തോമസും വാകത്താനം ഇടവക കടുത്താനം വർഗീസ് - ലിസിമോൾ മകൾ അന്നമ്മയും തമ്മിലുള്ള വിവാഹം - 22-07-2021

6. ഈ ഇടവക കൊച്ചുപറമ്പിൽ ജോസഫ് - ഫിലോമിനാ മകൻ തോമസും സുചിത്ര സെന്റ് മേരീസ് പള്ളി ഇടവക പോളയ്ക്കൽ തോമസുകുട്ടി - മിനി മകൾ ക്ലയറും തമ്മിലുള്ള വിവാഹം - 02-08-2021

7. ഈ ഇടവക മാവേലിൽ ജോസ് - എൽസി മകൻ മൈക്കിളും തൊടുപുഴ പള്ളി ഇടവക ചിലമ്പിൽ റെജി - സുജ മകൾ അൽഫോൻസയും തമ്മിലുള്ള വിവാഹം - 21-08-2021

8. ഈ ഇടവക പുതിയാപറമ്പിൽ പീടികയിൽ ക്ലെമൻഡ് - ത്രേസ്യാമ്മ മകൻ ജോസഫും പൊൻകുന്നം പള്ളി ഇടവക കുരിശുംമൂട്ടിൽ മാത്യു - എലിസബത്ത് മകൾ മരിയയും തമ്മിലുള്ള വിവാഹം - 22-08-2021

9. ഈ ഇടവക പുതുശ്ശേരി തോമസ് - ഓമന മകൻ സ്കറിയയും അതിരമ്പുഴ പള്ളി ഇടവക കീഴടത്തു ജോസഫ് - തങ്കമ്മ മകൾ എലിസബത്തും തമ്മിലുള്ള വിവാഹം - 24-08-2021

10. ഈ ഇടവക പാലാത്ര ജെയിംസ് - ഷീബാ മകൻ ജോസഫും പത്തനംതിട്ട മേരി മാതാ ഫൊറോനാ പള്ളി ഇടവക വീരാംപറമ്പിൽ എബ്രഹാം അന്നമ്മ മകൾ ജിൻസിയും തമ്മിലുള്ള വിവാഹം - 26-08-2021

11. ഈ ഇടവക മാറാട്ടുകളം റ്റോമി - സോമ്ന മകൻ സ്കറിയയും പൊങ്ങ മാർ സ്ലീവാ പള്ളി ഇടവക കക്കാട്ട് കന്യാകോണിൽ മാത്യു - അന്നമ്മ മകൾ ട്രീസയും തമ്മിലുള്ള വിവാഹം - 30-08-2021

12. ഈ ഇടവക അഴിമുഖം ദേവസ്യാ - സോഫിയാമ്മ മകൻ ജോസഫും മല്ലപ്പള്ളി ഇടവക കുറ്റിക്കൽ ജോസ് - ജയ്നമ്മ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം - 30-08-2021

13. ഈ ഇടവക കടവിൽ വർഗീസ് – തങ്കമ്മ മകൻ ജോർജും മാനടുക്കം സെന്റ് സെബാസ്റ്റ്യൻ പള്ളി ഇടവക ചെമ്പകത്തിനാൽ ജോയി – മേരി മകൾ ട്രീസയും തമ്മിലുള്ള വിവാഹം – 09–09–2021

14. ഈ ഇടവക പുല്ലുകാട്ടുപറമ്പിൽ ജെയിംസ് – അന്നമ്മ മകൻ തോമസും വാടയ്ക്കൽ പള്ളി ഇടവക ചെറുവള്ളിക്കാട് നിക്സൺ – സീന മകൾ നൈസിയും തമ്മിലുള്ള വിവാഹം – 13–09–2021

# ഉത്ഥിതനോടൊപ്പം

| | |
|---|---|
| 1. മാളിയേക്കൽ മേരിക്കുട്ടി ജോസഫ് (85 വയസ്) | 02–07–2021 |
| 2. കടന്തോട് ബൈജു ജോർജ് (57 വയസ്) | 09–07–2021 |
| 3. കറുകക്കളത്തിലായ മുളയ്ക്കൽ സാലിമ്മ ഡൊമിനിക് (83 വയസ്) | 13–03–2021 |
| 4. നെല്പുരപ്പറമ്പിൽ മരീന ജോസ് (60 വയസ്) | 31–07–2021 |
| 5. കണ്ണമ്പുഴ ജെയിംസ് കെ. ജോർജ് (63 വയസ്) | 04–08–2021 |
| 6. പാറക്കടവിൽ ജെയിംസ് തോമസ് (62 വയസ്) | 11–08–2021 |
| 7. മുകന്ദംകേരിൽ ഏലിക്കുട്ടി ജോസഫ് (99 വയസ്) | 12–08–2021 |
| 8. തുണ്ടിപ്പറമ്പിൽ കത്രീനാ ബേബി (78 വയസ്) | 18–08–2021 |
| 9. ചമ്പക്കുളം സി. ജെ മൈക്കിൾ (75 വയസ്) | 31–08–2021 |
| 10. പുന്നശ്ശേരി ലീലാമ്മ ചെറിയാൻ (70 വയസ്) | 05–09–2021 |
| 11. പനച്ചിക്കൽ പി.ജെ. ജോസഫ് (87 വയസ്) | 05–09–2021 |
| 12. കാലിബ് കുഞ്ഞമ്മ ഉണ്ണൂണ്ണി (102 വയസ്) | 14–09–2021 |
| 13. ചിറ്റേട്ടുകളത്തിൽ സി.സി. തോമസ് (77 വയസ്) | 23–09–2021 |
| 14. ചെത്തിക്കാട്ട് ലില്ലിക്കുട്ടി വർഗീസ് (69 വയസ്) | 26–09–2021 |
| 15. വട്ടപ്പറമ്പ് ത്രേസ്യാമ്മ ആഗസ്തി (91 വയസ്) | 27–09–2021 |
| 16. കല്ലുകളം കെ.എ. തോമസ് (76 വയസ്) | 29–09–2021 |

